# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 10 Issue - 10 December 2021




## ദിനങ്ങൾ എണ്ണുന്നതിനുള്ള അഭ്യസനം

പേജ് 4

വില 20 രൂപ

Editorial

# കാല ലക്ഷണങ്ങളെ വിവേചിക്കുക...

ഒമിക്രോൺ കൊറോണ വൈറസിന്റെ ഒരു പുതിയ വകഭേദം വീണ്ടും ലോകത്തിൽ പരിഭ്രാന്തിക്ക് തിരികൊളുത്തിയിരിക്കുന്നു. വാക്സിനേഷൻ എടുത്തു ഏതാണ്ട് എല്ലാം ശാന്തമായി എന്ന് കരുതി പൊതുജീവിതം സാധാരണ നിലയിൽ തിരിച്ചെത്തിത്തുടങ്ങിയപ്പോഴാണ് പുതിയ ഭീഷണി നമ്മുടെ മുമ്പിൽ! കാലലക്ഷണങ്ങളെ വിവേചിക്കേണ്ടയോ? സന്ധ്യാസമയത്ത് ആകാശം ചുവന്നു കണ്ടാൽ നല്ല തെളിവാകും എന്നും, രാവിലെ ആകാശം മൂടി ചുവന്നു കണ്ടാൽ ഇന്ന് മഴക്കോൾ ഉണ്ടാകുമെന്നും നിങ്ങൾ പറയുന്നു. ആകാശത്തിന്റെ ഭാവം വിവേചിപ്പാൻ നിങ്ങൾ അറിയുന്നു. എന്നാൽ കാലലക്ഷണങ്ങളെ വിവേചിക്കാൻ കഴിയുകയില്ലയൊ? (മത്തായി 16 :2, 3) എന്ന് കർത്താവു ചോദിച്ചത് ചിന്തനീയമാണ് ഇവിടെ.

എല്ലാറ്റിനും ഇളക്കം സംഭവിക്കുമ്പോൾ ഇളകാത്ത രാജ്യത്തിന്റെ സ്ഥാപനത്തിലേക്ക് ആണ് അത് വിരൽചൂണ്ടുന്നത്. കേരളത്തിന്റെ കാലാവസ്ഥ അധികമഴ എന്ന നിലയിലായി. ആഗോളവ്യാപകമായി ത്തന്നെ കാലാവസ്ഥയ്ക്ക് വ്യതിയാനം സംഭവിക്കുന്നു. ആഗോളതാപനം ഒരു വലിയ വെല്ലുവിളി ആയിരിക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ നിത്യസംഭവം എന്ന പോലെ ആയി. ഇതെല്ലാം വിരൽചൂണ്ടുന്നത് ഈ ഭൂമിക്കും മാറ്റത്തിനുള്ള സമയമായി എന്നല്ലേ? കർത്താവിന്റെ വരവിന്റെ മാറ്റൊലിയല്ലേ നാം കേൾക്കുന്നത്? എല്ലാം വിവേചിക്കാൻ നമുക്ക് കഴിയണം.

നമ്മുടെ ജീവിതോദ്ദേശ്യം തിരിച്ചറിഞ്ഞ് വിവേകം ഉള്ളവരായി, എല്ലാം വിവേചിച്ചു കൊണ്ട് നമ്മുടെ ആയുസ്സ് അർത്ഥസമ്പുഷ്ടമാക്കണം എന്ന ബുദ്ധി ഉപദേശമാണ് ഈ ലക്കത്തിലെ സന്ദേശത്തിൽ ഉള്ളത്. 2021 നമ്മെ വിട്ടു പോകുന്ന ഈ വർഷാന്ത്യദിനങ്ങളിൽ നമുക്ക് നമ്മെത്തന്നെ വിവേചിക്കുവാനും നമ്മുടെ ജീവിതത്തെ വിലയിരുത്തുവാനും കഴിയട്ടെ. ഒമിക്രോൺ ആദിയായവയുടെ രംഗപ്രവേശം 2022 ശുഭസൂചകമല്ലെന്ന ധ്വനിയും നൽകുന്നു. ശുഭകരമാക്കി നൽകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

വളരെ പ്രതിസന്ധികൾ ഉണ്ടായിരുന്നു എങ്കിലും 2 മാസം ഒഴികെ എല്ലാ മാസങ്ങളിലും നേർവീഥി പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ കർത്താവ് സഹായിച്ചു. ഒരു മാസത്തേക്കുള്ള ആത്മീയ ആഹാരം തങ്ങൾക്ക് ലഭിക്കുന്നു എന്ന് പല വായനക്കാരും അഭിപ്രായപ്പെട്ടത് ഞങ്ങളെ കൃതാർത്ഥരാക്കുന്നു. നിത്യതയിലേക്കുള്ള മോക്ഷയാത്രയിൽ ഒരു വഴികാട്ടിയായി കർത്താവിന്റെ വരവ് വരെ ഈ ശുശ്രൂഷയിൽ മുന്നേറണം എന്ന് ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. രാവിലെതോറും ധ്യാനചിന്തകൾ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക് ഭാഷകളിൽ അയച്ചു കൊടുക്കുവാൻ കർത്താവ് സഹായിക്കുന്നു. തുടർന്നും നിങ്ങൾ എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും ആത്മാർത്ഥമായി ഞങ്ങൾ ആഗ്രഹിക്കുന്നു.

ഈ ലക്കത്തോടുകൂടി 10 വർഷം പൂർത്തീകരിക്കാനും നേരിട്ട പ്രതിസന്ധികളിൽ വിജയം വരിക്കുവാനും സർവ്വകൃപാലുവായ ദൈവം സഹായിച്ചത് നന്ദിയോടെ ഓർക്കുന്നു. അന്ത്യകാലത്തിന്റെ അന്ത്യനിമിഷങ്ങളിൽ നാം വന്നെത്തിയിരിക്കുന്നു എന്ന് ഈ ലക്കത്തിലെ ലേഖനങ്ങൾ ഏറെക്കുറെ എല്ലാം തന്നെ സൂചന നൽകുന്നു. ആകയാൽ മുൻപിലുള്ള പ്രതിസന്ധി എന്തുതന്നെയായിരുന്നാലും ആത്മമണവാളനായ ക്രിസ്തു, കാന്തയെ ചേർക്കും എന്ന വസ്തുത നമുക്ക് പ്രത്യാശ നൽകുന്നതാണ്. പ്രശ്നങ്ങളിലേക്ക് നോക്കാതെ പരിഹാരകനായ കർത്താവിങ്കലേക്കു ഉറ്റുനോക്കിക്കൊണ്ട് നമ്മുടെ മോക്ഷയാത്ര തുടരുവാൻ എല്ലാ വായനക്കാരെയും ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

പുസ്തകം 10 ലക്കം 10
ഡിസംബർ 2021


മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**

ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**



Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00


# ഈ ലക്കത്തിൽ


**ദിനങ്ങൾ എണ്ണുന്നതിനുള്ള അഭ്യസനം** 4
ജോയ് എം. തോമസ്

**വിവേചനബുദ്ധി പ്രായോഗികജീവിതത്തിൽ** 6
സാജു മാത്യു

**ഒരു കുട്ടിക്കു വേണ്ടി...** 9
ബാബു ചെറിയാൻ

**ലോകസ്നേഹം ദൈവത്തോടു ശത്രുത്വം** 11
ജോർജ് മാത്യു, പുതുപ്പള്ളി

**കാണാമറയത്തെ ശുശ്രൂഷകരും ശുശ്രൂഷകളും** 13
റിഞ്ചു ജെറിൻ

**നക്ഷത്ര ശോഭ** 15

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**ദൈവമേ ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ** 18
ഡേവിഡ് വിൽക്കേഴ്സൺ

**വിജ്ഞാന വീഥി** 21

**മക്കളുടെ അവകാശങ്ങൾ** 22
ചെയ്സ് ജോസഫ്

**വനിതാ വീഥി** 24
ജെസ്സി സാജു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**വാർത്താവീഥി** 29

**കാലത്തോടൊപ്പം നമ്മെയും...** 31
എംസി



ജോയ് എം. തോമസ്

# ദിനങ്ങൾ എണ്ണുന്നതിനുള്ള അഭ്യസനം

നമ്മുടെ ആയുസ്സ് എത്ര എന്ന് നിശ്ചയിക്കുവാൻ നമുക്ക് സാധ്യമല്ല. ജീവന്റെ ദാതാവ് തന്നെയാണ് ഓരോരുത്തരുടെയും ആയുസ്സ് എത്ര എന്ന് നിശ്ചയിച്ചിരിക്കുന്നത്. എപ്പോൾ വേണമെങ്കിലും നമ്മുടെ ജീവൻ എടുക്കുവാൻ സ്രഷ്ടാവിന് അധികാരമുണ്ട്. ദൈവത്തിന്റെ പരമാധികാരത്തെ നാം എപ്പോഴും തിരിച്ചറിയുന്നവർ ആയിരിക്കണം.

കഴിഞ്ഞവർഷം എന്ന പോലെ ഈ വർഷവും സങ്കീർണ്ണമായിരുന്നു. കോവിഡ് 19 വിതച്ച ആശങ്കകളും അനിശ്ചിതാവസ്ഥയും ഭീകരമായിരുന്നു. നമുക്ക് പരിചയം ഉണ്ടായിരുന്നവരിൽ തന്നെ പലരും ഈ ലോകത്തുനിന്ന് കൊറോണ ബാധിച്ച് മരിച്ചു പോയി. ഒരുപക്ഷേ, നിങ്ങൾ കൊറോണ ബാധയിൽ നിന്നും സൗഖ്യം പ്രാപിച്ച ഒരാൾ ആയിരിക്കാം. ദൈവത്തിന്റെ മഹാദയ ആസ്വദിച്ചവരാണ് നാം എല്ലാവരും.

ദൈവപുരുഷനായ മോശെയുടെ പ്രാർത്ഥനയിലെ ഒരു വാചകമാണ് ഈ സന്ദേശത്തിന് ആധാരം. ഞങ്ങൾ ജ്ഞാനം ഉള്ള ഒരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കണമേ (സങ്കീർത്തനം 90:12). മനുഷ്യായുസ്സിന്റെ ദൈർഘ്യത്തെക്കുറിച്ച് മോശെ വിലയിരുത്തിയപ്പോൾ 70 വർഷങ്ങൾ, ഏറെ ആയാൽ 80 വർഷങ്ങൾ എന്നാണ് കണ്ടെത്തിയത്. മനുഷ്യന്റെ ശരാശരി ആയുസ്സ് ആണ് മോശെ രേഖപ്പെടുത്തിയത്. വളരെ ശരിയായ കണ്ടെത്തൽ ആയിരുന്നു അത്.

വർഷങ്ങളുടെ കണക്കിലാണ് നാം മനുഷ്യായുസിനെ ഗ്രഹിക്കുന്നത്. താങ്കൾക്ക് എത്ര വയസ്സുണ്ട് എന്ന് ചോദിക്കുമ്പോൾ ഈ ആയുസ്സിന്റെ എത്ര വർഷങ്ങൾ കഴിഞ്ഞു പോയി എന്നല്ലേ വാസ്തവത്തിൽ നാംചോദിക്കുന്നത്? ഓരോ ജന്മദിനാഘോഷവും നൽകുന്ന സന്ദേശം ആയുസ്സിന്റെ ദിനങ്ങൾ കുറയുന്നു എന്നല്ലേ? പക്ഷേ, ഈ യാഥാർത്ഥ്യങ്ങളെ ഓർമിക്കുവാൻ ആരും തയ്യാറാകുന്നില്ല.

ഞങ്ങളുടെ സംവത്സരങ്ങളെ ഞങ്ങൾ ഒരു നെടുവീർപ്പ് പോലെ കഴിക്കുന്നു (സങ്കീർത്തനങ്ങൾ 90:9), എന്നാണ് മനുഷ്യജീവിതത്തെ വിലയിരുത്തി മോശെ അഭിപ്രായപ്പെട്ടത്. വേദനയിൽ നിന്നും ഉളവാകുന്ന ഞരക്കത്തിനു ആണല്ലോ നെടുവീർപ്പ് (sigh,deep audible breath expressing sadness) എന്ന് പറയുന്നത്. അതായത് ദു:ഖം വെളിപ്പെടുത്തുന്ന ദീർഘശ്വാസം! മനുഷ്യജീവിതത്തിന്റെ ആകെത്തുകയാണ് ഇവിടെ മോശെ രേഖപ്പെടുത്തുന്നത്.

മനുഷ്യജീവിതത്തിന്റെ ഹ്രസ്വത അല്ലെങ്കിൽ ക്ഷണികത്വം ഇനിയും മനുഷ്യൻ ശരിക്കും മനസ്സിലാക്കിയിട്ടില്ല എന്നതാണ് വാസ്തവം. അതുകൊണ്ടാണ് അത് ഗ്രഹിക്കുവാൻ ജ്ഞാനം ഉള്ള ഒരു ഹൃദയം തരണമെന്ന് മോശെ പ്രാർത്ഥിക്കുന്നത്. ഓരോ വർഷവും അവസാനിക്കുമ്പോൾ പുതുവത്സരത്തെക്കുറിച്ചുള്ള ആവേശവും സ്വപ്നങ്ങളുമായി മനുഷ്യൻ അതിനെ ആഘോഷമാക്കുന്നു. ആയുസിന്റെ ഓരോ വർഷവും കഴിയുമ്പോൾ ജന്മദിനം ആഘോഷിച്ച് നാം ആനന്ദിക്കുന്നു. ഈ സന്തോഷങ്ങൾക്കിടയിൽ വിസ്മരിച്ചു കൂടാത്ത ഒരു യാഥാർത്ഥ്യമുണ്ട്. അത് ഈ ആയുസിന്റെ

ഹ്യസ്വതയാണ്. ദീർഘായുസ്സ് എന്ന് പറയുന്നത് പോലും ഒരു നെടുവീർപ്പ് മാത്രമാണ്. മോശെ ഈ യാഥാർത്ഥ്യത്തെ അംഗീകരിച്ചു കൊണ്ടാണ് ദൈവ സന്നിധിയിൽ ഏറ്റുപറഞ്ഞു പ്രാർത്ഥിക്കുന്നത്.

ഞങ്ങളുടെ ആയുഷ്കാലം 70 വർഷമാണ് ഏറിയാൽ 80. എന്നിട്ടും അക്കാലമത്രയും അധ്വാനവും ദുരിതവും ആണ്. അവ പെട്ടെന്ന് തീർന്നു ഞങ്ങൾ കടന്നുപോകും. (സങ്കീർത്തനങ്ങൾ 90:10 പി ഒ സി ബൈബിൾ). ഈ ആയുസ്സിനെ സുഖകരമാക്കുവാനാണ് മനുഷ്യൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്. മനുഷ്യൻ തന്റെ പരിമിതികളെ മറികടക്കാനും അറിവിന്റെ മേഖലയെ വിസ്താരപ്പെടുത്തി സകലത്തെയും കീഴ്പ്പെടുത്തുവാനുമുള്ള ശ്രമത്തിലാണ് പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തി മുന്നേറുന്നത്. മനുഷ്യജീവിതം കൂടുതൽ സുഖകരമാക്കാൻ ശ്രമിക്കുന്തോറും കൂടുതൽ പ്രശ്ന മുഖരിതം ആവുകയാണ്. പരിധികൾ മറികടക്കുവാൻ പരിശ്രമിക്കും തോറും അവസരങ്ങളെ നാം പരിമിതപ്പെടുത്തുകയാണ്. അറിവ് വർദ്ധിപ്പിക്കുന്നു എന്ന് ചിന്തിക്കും തോറും നാം ഉത്തരം കിട്ടാത്ത പ്രശ്നങ്ങളുടെ മുമ്പിൽ കുഴയുകയാണ്.

ശാസ്ത്രലോകത്തിന് നാളെയെക്കുറിച്ച് എന്തെങ്കിലും ശുഭസന്ദേശം നമുക്ക് നൽകുവാൻ ഉണ്ടോ? ഗുരുതരമായ പ്രശ്നങ്ങളുടെ മുന്നറിയിപ്പാണ് അവർ നമുക്ക് നൽകുന്നത്. പ്രകൃതി, മാറ്റങ്ങൾക്ക് വിധേയപ്പെട്ടു കൊണ്ടിരിക്കുന്നു. മുമ്പിലുള്ള അനിശ്ചിതത്വത്തിന് ഉത്തരം നൽകുവാൻ ആർക്കും കഴിയുന്നില്ല.

മോശെ വളരെ കൃത്യമായി പറഞ്ഞു: ഞങ്ങളുടെ ആയുഷക്കാലം...എന്നിട്ടും അക്കാലമത്രയും അധ്വാനവും ദുരിതവും ആണ്. അതെ, ഈ ആയുസ്സിന്റെ പ്രതാപം പ്രയാസവും ദു:ഖവും ആണ്. ഒരു നെടുവീർപ്പ് മാത്രം!

ക്ഷണികമായ ഈ ആയുസ്സ് അർത്ഥമുള്ളതായി മാറുന്നത് ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ആയുസ്സ് സമർപ്പിക്കുമ്പോഴാണ്. ദൈവത്തിന്റെ പദ്ധതിയിൽ നാം ആയിരിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന ഓരോദിനവും വിലപ്പെട്ടതായി നാം കാണുന്നു. സമയമാണ് ദൈവം നമുക്ക് നൽകിയിരിക്കുന്ന ഏറ്റവും വലിയ സമ്പത്ത്. ആർക്കായി, എന്തിനായി, നാം ഏറ്റവും കൂടുതൽ സമയം നൽകുന്നു എന്നത് ആരെ, അല്ലെങ്കിൽ എന്തിനെ, നാം ഏറ്റവും കൂടുതൽ സ്നേഹിക്കുന്നു എന്ന് വെളിപ്പെടുത്തുന്നു. ദൈവം നമ്മുടെ സ്രഷ്ടാവും ഉടമസ്ഥനും നമ്മുടെ വാത്സല്യ പിതാവും ആകയാൽ നമ്മുടെ സമയത്തിന്റെ ഒരു ഭാഗം അല്ല അവിടുന്ന് ആവശ്യപ്പെടുന്നത്; പ്രത്യുത മുഴുവൻ സമയവും ആണ്, ഈ ആയുസ്സ് മുഴുവൻ ദൈവത്തിനായി ചെലവഴിക്കണം.

ദൈവത്തിനായി മുഴുവൻ സമയവും ചെലവഴിക്കണം എന്നതിന്റെ സാരം വേദപുസ്തകവായനയും പ്രാർഥനയുമായി ഒരു മുറിയിൽ നാം കഴിഞ്ഞുകൂടണം എന്നല്ല. ദൈവം ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കി കർമ്മനിരതരാവുക. എല്ലാ പ്രവർത്തികളും ദൈവനാമ മഹത്വത്തിനായി ചെയ്യുക. ലോകത്തിലെ നേട്ടങ്ങൾ ലക്ഷ്യംവെച്ച് ആയിരിക്കരുത് നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും: പ്രത്യുത, നിത്യതയിൽ ക്രിസ്തുവിനോട് കൂടിയുള്ള വാഴ്ചയും പ്രതിഫലങ്ങൾ വാങ്ങുന്നതും ആയിരിക്കണം. ക്രിസ്തുവിനും അവിടുത്തെ സുവിശേഷത്തിനുമായി എന്തെല്ലാം നാം ചിലവഴിക്കുമോ അതെല്ലാം നിത്യതയിൽ നേട്ടങ്ങളായി രൂപം പ്രാപിക്കും എന്ന തിരിച്ചറിവോടെ നമുക്ക് ജീവിക്കുവാനും പ്രവർത്തിക്കുവാനും കഴിയണം.

ദൈവത്തിനായി ജീവിക്കുന്നതിന്റെ ഭാഗമായിട്ടാണ് നമ്മുടെ കുടുംബജീവിതവും, ഔദ്യോഗിക ജീവിതവും, ആത്മീയ ജീവിതവും ഒക്കെ ആയിരിക്കുന്നത്. അതുകൊണ്ട് ആത്മീയം (spiritual) ലൗകീകം (secular)എന്നിങ്ങനെ നമ്മുടെ ജീവിതത്തെ വിഭജിക്കുവാൻ പാടില്ല. കർത്താവിനായി സമർപ്പിതനായിരിക്കുന്ന വ്യക്തിക്ക് കർത്താവിന്റെ മഹത്വത്തിനായുള്ള ജീവിതം മാത്രമേ ഉള്ളൂ.തന്റെ ജീവിതത്തിൽ എല്ലാം ആത്മീയതയുടെ കീഴിൽ വരുന്നു. തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം കർത്താവിന്റെ മഹത്വത്തിന് എന്നതാണ് നമ്മുടെ ആപ്തവാക്യം. ഇതായിരിക്കണം നമ്മുടെ ജീവിത വീക്ഷണം.

ആയുസ്സിന്റെ ദിനങ്ങൾ എണ്ണിജീവിച്ച പൗലോസിന് ജീവിതാവസാനത്തിൽ 'ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു എന്ന ചാരിതാർത്ഥ്യം ഉണ്ടായിരുന്നു. നമ്മുടെ ജീവിതം അങ്ങനെ പൂർത്തീകരിക്കുവാൻ ദൈവം ഇടയാക്കട്ടെ.

അത് സാധ്യമാകണമെങ്കിൽ ഓരോ ദിവസത്തിന്റെയും ഒടുവിൽ തിരിഞ്ഞു നോക്കി ആ ദിവസം ദൈവഹിതത്തിൽ നിലനിന്നു പ്രവർത്തിക്കുവാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യം ഉണ്ടാകണം. തെറ്റുകൾ സംഭവിച്ചത് തിരുത്തപ്പെടണം. വിടപറയുന്ന 2021 ലേക്ക് തിരിഞ്ഞു നോക്കുമ്പോൾ നമുക്ക് ആ തൃപ്തി ഉണ്ടോ?

•



സാജു മാത്യു

# വിവേചനബുദ്ധി പ്രായോഗിക ജീവിതത്തിൽ

***അവളുടെ മക്കൾ എഴുന്നേറ്റ് അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു; അവളുടെ ഭർത്താവും അവളെ പ്രശംസിക്കുന്നു... (സദൃശവാക്യങ്ങൾ 31 : 28).***

ഒരു സഭാശുശ്രൂഷകൻ തന്റെ സഭാംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയായിരുന്നു. ആദ്യത്തെ വീട്ടിൽ എത്തിയപ്പോൾ അവരുടെ പൂമുഖം ചെടികളാൽ അലങ്കരിച്ച് മനോഹരമായി സൂക്ഷിച്ചിരുന്നു. ഭവനത്തിനുള്ളിലെ കാർപ്പെറ്റുകൾ നന്നായി സൂക്ഷിച്ചിരുന്നു. ഒരു കുറവും പറയാനില്ലാത്ത സ്വീകരണമുറി... പാസ്റ്റർക്കു സന്തോഷമായി. അദ്ദേഹം അവരെ അഭിനന്ദിക്കാനും മറന്നില്ല... ഞാൻ എല്ലാം വൃത്തിയായി സൂക്ഷിക്കുന്നു പാസ്റ്റർ, വീട്ടമ്മ മറുപടി പറഞ്ഞു. എന്റെ ചിന്ത, ദൈവം എനിക്കു തന്ന ഭവനം വൃത്തിയായി സൂക്ഷിക്കുന്നതിലൂടെ ഞാൻ ദൈവത്തെ പ്രസാദിപ്പിക്കുന്നുവെന്നു തന്നെയാണ്.... cleanliness is close to Godliness എന്നു വിശ്വസിക്കുന്നയാളാണു ഞാൻ. ആ സഹോദരിക്കു ദൈവം കൊടുത്ത വെളിപ്പാടിനായി ഞാൻ ദൈവത്തെ സ്തുതിച്ചു. ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു സഹോദരീ... ശരിയാണ്, ദൈവം നമുക്കു നൽകിയ സകല വസ്തുക്കളുടെ കാര്യത്തിലും നാം നല്ല കാര്യവിചാരകരായിരിക്കണം ശുശ്രൂഷകൻ പറഞ്ഞു.

സഭാശുശ്രൂഷകൻ തന്റെ കുഞ്ഞാടുകളെ തിരക്കി അടുത്ത വീട്ടിലെത്തി. അവിടെയും ഒരു വീട്ടു പൂന്തോട്ടമുണ്ട്. കുഴപ്പമൊന്നുമില്ല. എന്നാൽ, വിരിഞ്ഞുപൊഴിഞ്ഞ പുഷ്പത്തിന്റെ ദളങ്ങൾ തോട്ടത്തിൽ നിന്നു എടുത്തുമാറ്റിയിട്ടില്ല. വീട്ടിനുള്ളിൽ കയറിയ പാസ്റ്റർ അവരുടെ സ്വീകരണമുറി ശ്രദ്ധിച്ചു. വലിയ കുഴപ്പമൊന്നും പറയാനില്ല. എന്നാലും കഴിഞ്ഞ വീട്ടിലെ സ്വീകരണമുറിപോലെ എക്സലന്റ്' എന്നൊന്നും പറയാൻ കഴിയില്ല. 'ക്ഷമിക്കണം പാസ്റ്റർ' ശുശ്രൂഷകൻ മുറി സൂക്ഷ്മനിരീക്ഷണം നടത്തുന്നതു കണ്ട വീട്ടമ്മ പറഞ്ഞു: സ്വീകരണമുറി അത്ര വൃത്തിയാക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ അല്പം തിരക്കിലായിപ്പോയി. ക്രൈസ്തവ സുവിശേഷകരെ പീഡിപ്പിക്കുന്ന രാജ്യങ്ങളിലെ സഭാപ്രവർത്തനത്തെക്കുറിച്ച് ദൈവം എനിക്കു വലിയൊരു ഭാരം തന്നു. അവരിൽ ചില സുവിശേഷകരുടെ അഡ്രസ് സംഘടിപ്പിച്ച് അവർക്കു വ്യക്തിപരമായി കത്തുകളെഴുതിക്കൊണ്ടിരിക്കയായിരുന്നു. ചില ദിവസങ്ങളായി ഞാൻ അവർക്കുവേണ്ടി ഉപവസിച്ചു പ്രാർഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ പൂന്തോട്ടവും സ്വീകരണമുറിയുമൊക്കെ അത്ര ശ്രദ്ധിക്കാൻ പറ്റിയില്ല ... ക്ഷമിക്കണം! ആ സഹോദരിക്കു ദൈവം കൊടുത്ത വെളിപ്പാടിനായി ശുശ്രൂഷകൻ ദൈവത്തെ സ്തുതിച്ചു. ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു സഹോദരീ... അദ്ദേഹം പറഞ്ഞു: ദൈവം നിങ്ങൾക്ക് ഒരു ഭാരം തന്നപ്പോൾ നിങ്ങൾ നിങ്ങൾക്കുള്ളതു മറന്ന് ദൈവത്തിന്റെ ഭാരം ഏറ്റെടുത്തല്ലോ!

ഈ രണ്ടു സ്ത്രീകളെ താരതമ്യം ചെയ്ത്, ആരു മെച്ചം എന്നു പറയുന്നതിൽ അർഥമൊന്നുമില്ല. രണ്ടുപേരും ദൈവത്തെ പ്രസാദിപ്പിക്കാൻ വേണ്ടി ജീവിച്ചു, പ്രവർത്തിച്ചു. ദൈവം രണ്ടുപേരിലും പ്രസാദിക്കുമെന്നാണു എന്റെ ചിന്ത. ഒരാൾ എന്തു പറയുന്നുവെന്നതിനെക്കാൾ, എന്തുകൊണ്ടു ചെയ്യുന്നു എന്നതിലാണു ദൈവത്തിന്റെ ശ്രദ്ധ എന്നു

ഞാൻ ചിന്തിക്കുന്നു. സദൃശവാക്യങ്ങൾ 31:10 - 31 വരെയുള്ള വേദഭാഗത്ത്, സാമർഥ്യമുള്ള ഭാര്യയുടെ അഥവാ വീട്ടമ്മയുടെ സ്വഭാവത്തെ വിവരിച്ചുകൊണ്ടാണു ശലോമോൻ തന്റെ അക്ഷരവാക്യം തുടങ്ങുന്നത്. എന്നാൽ, തുടർന്ന് ശലോമോൻ അവളുടെ പ്രവൃത്തികളുടെ ഒരു വിവരണം, ഒരു ദിവസക്കുറിപ്പുതന്നെ വിശദമായി നൽകുന്നു. അതു അവളുടെ സാമർഥ്യം വിവരിക്കാനല്ല; അവൾ ചെയ്യുന്നതെല്ലാം അവളുടെ സാമർഥ്യം കൊണ്ടാണെന്നു ചിന്തിക്കേണ്ട... അവൾ എല്ലാം ചെയ്യുന്നത് യഹോവയ്ക്കുവേണ്ടിയാണ്. കാരണം, അവൾ യഹോവഭക്തിയുള്ള ഒരു സ്ത്രീയാണ്! അവൾക്കതു ചെയ്യാൻ കഴിയുന്നതു അവൾ യഹോവ ഭക്തയായതുകൊണ്ടാണ്. അവളുടെ പ്രവൃത്തികളുടെ മഹിമയെക്കാൾ അവളുടെ സ്വഭാവത്തിന്റെ മഹിമയാണു നാം ഇവിടെ ദർശിക്കേണ്ടത്.

അവൾ തന്റെ ഭർത്താവിനു ആയുഷ്ക്കാലമൊക്കെയും തിന്മയല്ല, നന്മതന്നെ ചെയ്യുന്നു (സദൃശ്യം 31:12). എങ്ങനെ? ദിവസം 16 പ്രാവശ്യം ഐ ലവ് യൂ ഹണി എന്നു പറഞ്ഞുകൊണ്ടല്ല; പ്രത്യുത, ഇപ്പോൾ അവളുടെയും ഭർത്താവിന്റെയും കാര്യങ്ങളോരോന്നും സുഗമമായി നടത്തേണ്ടതിനു കൈകൊണ്ടു വേലചെയ്യുകയാണ്. സാങ്കേതികതയുടെ ആധുനികകാലത്ത് കൈകൊണ്ടുള്ള വേല ഒരു അനിവാര്യതയല്ലാതായിരിക്കുന്നു. പല്ലു തേപ്പിക്കാൻ ബാറ്ററിയിട്ട ടൂത്ത്ബ്രഷ് വരെ ഇന്നു മാർക്കറ്റിൽ ലഭ്യമാണ്.

**അവൾ ആട്ടുരോമവും ചണവും സമ്പാദിച്ചിട്ട് താൽപ്പര്യത്തോടെ കൈകൊണ്ടു വേല ചെയ്യുന്നു** (സദൃശ്യം 31: 13). രോമം കത്രിക്കാൻ അവൾ ആടിനെ വളർത്തുന്നുണ്ടാവാം. വസ്ത്രങ്ങൾ ഉണ്ടാക്കാൻ ചണം കൃഷി ചെയ്യുന്നുണ്ടാവാം. പഴയ യെഹൂദവനിതകൾ എത്ര സമ്പന്നരാണങ്കിലും ഒരു കൈത്തൊഴിൽ പഠിച്ചിരുന്നു. നമ്മുടെ നാട്ടിലും അങ്ങനെയൊക്കെ തന്നെയായിരുന്നു. പണ്ടുകാലത്തു മിക്ക ധനിക ഭവനങ്ങളിലും, പ്രത്യേകിച്ചും ഒരു തയ്യൽ മെഷീൻ ഉണ്ടായിരുന്നു. വസ്ത്രങ്ങൾ കീറുകയോ മറ്റും ചെയ്തിരുന്നാൽ തുന്നി ശരിയാക്കുമായിരുന്നു. ഇന്നു മിക്ക വീട്ടിലും സൂചിയും നൂലും പോലും ഇല്ല. വസ്ത്രത്തിന്റെ ബട്ടൺ പൊട്ടിയാൽ തീർന്നു; അതിന്റെ സ്ഥാനം പിന്നെ ഗാർബേജിലേക്കാണ്. സമ്പത്ത് നമ്മെ എത്ര അലസരും അഹങ്കാരികളും ആക്കിയിരിക്കുന്നു!

ഭാര്യയും ഭർത്താവും ഓഫീസ് ജോലി ചെയ്യുന്ന ഇക്കാലത്ത് കൈകൊണ്ടുള്ള വേല പ്രയോഗികമാണോ എന്നു ചോദിച്ചേക്കാം. ഇന്നും ഉരലിൽ അരി കുത്തണമെന്നും അരകല്ലിൽ തേങ്ങ അരയ്ക്കണമെന്നും ഒക്കെ വാശിപിടിക്കത്തക്ക മൂരാച്ചിയൊന്നുമല്ല ഞാൻ ... എന്നാൽ, ഈ ഇൻസ്റ്റന്റ് യുഗം നമ്മെ അടിസ്ഥാനപരമായ ചില പ്രശ്നങ്ങളിലേക്കു നയിച്ചിട്ടുണ്ട് എന്നതു നാം മറന്നുകൂടാ. നമ്മുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യത്തെ അതു സാരമായി ബാധിച്ചിരിക്കുന്നു. പണ്ടുകാലത്തു തുണിയലക്കാനും നീന്തിക്കളിക്കാനുമൊക്കെ നാം നദിയിൽ പോകുമായിരുന്നു. അവിടെയായിരുന്നു സ്ത്രീകൾ അന്യോന്യം സംസാരിച്ചിരുന്നതും വേദനകൾ പങ്കുവെച്ചിരുന്നതും, കൂടുതൽ തുണികളുമായി വരുന്ന ഒരു സഹോദരിയുടെ അധിക തുണികൾ മറ്റൊരാൾ വാങ്ങി അലക്കിക്കൊടുത്തു സഹായിച്ചതുമൊക്കെ... ഇന്ന് അതെല്ലാം മാറി, നമുക്കതിനു നേരമില്ല, ആരോഗ്യമില്ല, മനസ്സുമില്ല...എന്നാലും നമ്മുടെ ആരോഗ്യത്തെക്കുറിച്ചു നാം ചിന്താകുലരാണ്. ഡോക്ടറെ കണ്ടപ്പോൾ ഡോക്ടർ പറഞ്ഞു, നീന്തൽ ആരോഗ്യത്തിനു നല്ലതാണെന്ന്. നാം ടൗണിലെ ഒരു നീന്തൽക്കുളത്തിൽ നീന്താൻ വേണ്ടി ആയിരക്കണക്കിനു രൂപ കൊടുത്ത് മെമ്പർഷിപ്പ് എടുക്കുന്നു. ആരോഗ്യം കളഞ്ഞുണ്ടാക്കിയ പണം ഇപ്പോൾ ആരോഗ്യം വീണ്ടെടുക്കാൻ ഉപയോഗിക്കുന്നു... രസകരമായ ഒരു ചൊല്ലുണ്ട്. മനുഷ്യൻ പണമുണ്ടാക്കാൻ വിയർപ്പൊഴുക്കുന്നു; പിന്നെ വിയർക്കാൻ വേണ്ടി പണമൊഴുക്കുന്നു... ( Man sweat to make money and then spend money to sweat !)

യഹോവ ഭക്തിയുള്ള സ്ത്രീ മനസ്സോടെയും, താൽപ്പര്യത്തോടെയും കൈകൊണ്ടു വേലചെയ്യുന്നു (സദൃശ്യം 31:14). ആധുനിക വനിതകൾ തീരെ അധ്വാനിക്കുന്നവരല്ല എന്നു പറയാനാവില്ല. അധ്വാനിക്കേണ്ടിവന്നാൽ അധ്വാനിക്കാതിരിക്കാൻ പറ്റുമോ? എന്നാൽ ചോദ്യം, അത് താൽപ്പര്യത്തോടെയാണോ എന്നതാണ്. മിക്കവരും പണിയെടുക്കുന്നത് പിറുപിറുപ്പോടെയാണ്. ഈ പണിയെടുക്കേണ്ട സാഹചര്യത്തിലേക്കു അവരെ തള്ളിവിട്ട വ്യക്തികളെയും സാഹചര്യങ്ങളെയും ഭള്ളുപറഞ്ഞുകൊണ്ടാവും പണിയെടുക്കൽ, സമയത്തിനു ജോലിക്കെത്താത്ത വീട്ടുവേലക്കാരി, ബില്ലടയ്ക്കാതെ വന്നപ്പോൾ ഇലക്ട്രിസിറ്റി വിച്ഛേദിച്ച വൈദ്യുതി ബോർഡ്, എല്ലാമറിഞ്ഞിട്ടും കൂസലില്ലാതെ പത്രം വായിക്കുന്ന ഭർത്താവ്, കഴുകാതെ ലഞ്ച്ബോക്സ് കിച്ചൻ ടേബിളിലേക്ക് എറിഞ്ഞി

ട്ടുപോയ പുന്നാരമകൻ... എല്ലാവരോടുമുള്ള ദേഷ്യത്തോടെയായിരിക്കും കൈകൊണ്ടുള്ള അ ധ്വാനം. ചെയ്യാനുള്ളത് എല്ലാം ചെയ്തിട്ട് വെറുതെ പിറുപിറുത്ത് നിങ്ങൾ എന്തിനു സമാധാനം കെടു ത്തുന്നു? മാർത്ത യേശുവിനുവേണ്ടി വിഭവസമൃദ്ധ മായ വിരുന്നൊരുക്കി ... എന്തു ഫലം? അവൾ ശു ശ്രൂഷയാൽ കുഴങ്ങിപ്പോയി (ലൂക്കൊസ് 10:40). മാർ ത്തയേ, നീ, ആർക്കുവേണ്ടിയാണിതെല്ലാം ചെയ്യു ന്നത്? കർത്താവിനുവേണ്ടിയല്ലേ? ഇങ്ങനെ കുഴങ്ങാൻ പാടുണ്ടോ?

**യഹോവഭക്തയായ ഒരു സ്ത്രീ ചെയ്യു ന്നുതെല്ലാം യഹോവയ്ക്കുവേണ്ടിയായിരിക്കും.** യഹോവയ്ക്കു വേണ്ടിയാണ് എല്ലാം ചെയ്യു ന്നതെന്നതിനാൽ അവൾ ചെയ്യുന്നതെല്ലാം താത്പ ര്യത്തോടെയായിരിക്കും. അവൾ ഒരു കച്ചവടക്കപ്പൽ പോലെയാകുന്നു (സദൃശ്യം 31:.14). കച്ചവടക്കപ്പൽ ക്രയവിക്രയത്തിന്റെ വേദിയാണ്. എല്ലാം സ്വീകരി ക്കാൻ മാത്രമല്ല എല്ലാം കൊടുക്കാനും കച്ചവടക്ക പ്പൽ തയ്യാറാണ്. എന്നാൽ, വാങ്ങുന്നതൊന്നും ക പ്പലിനുവേണ്ടിയല്ല. എല്ലാം സ്വീകരിക്കുന്നത് ആർക്കെങ്കിലും കൊടുക്കാനാണ്. ഒന്നും സൂക്ഷി ച്ചു വെക്കാനല്ല, ക്രയവിക്രയത്തിനു മാത്രം! എനി ക്ക് ആരുടെയും ഒന്നും വേണ്ട എന്നു പറയുന്ന പ ലരെയും കണ്ടിട്ടുണ്ട്. അവർ ഉത്തമരായ ആളുക ളല്ല. ഉത്തമരായ ആളുകൾ ആരിൽ നിന്നും സ്വീ കരിക്കാൻ തയ്യാറുള്ളവരാണ്. എന്നാൽ, അതു സ്വ ന്തമാക്കാനല്ല; കൊടുത്തുത്തീർക്കുവാൻ. ഒരു യോഗ്യയായ വീട്ടമ്മ എല്ലാവരിൽ നിന്നും സ്വീകരി ക്കാൻ മനസ്സുള്ളവളും എല്ലാവരെയും സഹായി ക്കാൻ മനസ്സുള്ളവളും ആയിരിക്കും... അവൾ നന്നാ രാവിലെ എഴുന്നേറ്റ് വീട്ടിലുള്ളവർക്ക് ആഹാരവും വേലക്കാരത്തികൾക്കു ആഹാരവും കൊടുക്കുന്നു... (സദൃശ്യം 31:15) . While yet it is night എന്നെഴു തിയിരിക്കുന്നത് പ്രഭാതത്തിനു മുൻപ് ... ഇതു മാ ത്രം പറയല്ലേ എന്നു ഇതു വായിക്കുന്ന പലരും പ റയുന്നുണ്ടാവാം. ജോലി ക്രമത്തിലെയും മറ്റും വ്യ ത്യസ്തത കൊണ്ട് ഒരുപക്ഷേ, എല്ലാവർക്കും രാ വിലെ എഴുന്നേൽക്കാൻ പറ്റില്ലായിരിക്കും. രാത്രി മു ഴുവൻ അധ്വാനിച്ചിട്ട് രാവിലെ കിടക്കാൻ പോകു ന്നവരും ഇന്നു സമൂഹത്തിലുണ്ട്. ഇവിടെ, എ ഴുന്നേൽക്കുന്ന സമയത്തിനല്ല ശക്തീകരണം; പ്ര ത്യുത, ഉത്തരവാദിത്വമുള്ള വീട്ടമ്മ ഉത്തരവാദിത്വ മില്ലാതെ കിടന്നുറങ്ങുകയില്ല എന്നതാണ്! ഉത്തര വാദിത്വമുള്ളവർക്കു എപ്പോഴും വെറുതെയങ്ങു കി ടക്കാൻ പറ്റില്ല. അവളുടെ വീട്ടിലുള്ളവരെക്കുറിച്ചു ള്ള കരുതൽ അവളുടെ ഉറക്കത്തിന്റെ ദൈർഘ്യം കുറയ്ക്കുന്നു.

ഒരു കന്യക, ഭർത്താവിനോടു ചേർന്ന് ഭാര്യ യാകുന്നതു നാം കണ്ടു. എന്നാൽ അവൾ ഭാര്യ മാത്രമല്ല, ഒരു വീട്ടമ്മയുമാണ്. അവൾ സ്വന്തമക്ക ളുടെ മാത്രമല്ല, വീട്ടിലുള്ള സകലരുടെയും അമ്മ യാകുകയാണ്. അവൾ വീട്ടിലുള്ളവർക്കും വേലക്കാ രത്തികൾക്കും അമ്മയാണ്. കുറെക്കൂടെ കടത്തി പ്പറഞ്ഞാൽ വീട്ടമ്മ അവളുടെ സ്വന്തം ഭർത്താവി ന്റെയും കൂടെ അമ്മയാവണം. സാറയുടെ പുന്നാ രമകനായ യിസ്ഹാക്കിന് അമ്മയുടെ മരണം വ ലിയ ആഘാതമാണേൽപ്പിച്ചത്. എന്നാൽ, റിബേക്കാ അവന്റെ ജീവിതത്തിലേക്കു കടന്നു വന്നപ്പോൾ യി സ്ഹാക്കിനു തന്റെ അമ്മയുടെ മരണദു:ഖം തീർ ന്നു (ഉൽപ്പത്തി 24:67) എന്നാണ് എഴുതിയിരിക്കു ന്നത്. യഹോവഭക്തയായ ഒരു ഉത്തമ ഭാര്യ, അവ ളുടെ മക്കൾക്കും വേലക്കാരത്തികൾക്കും സ്വന്തം ഭർത്താവിനും ഭർത്താവിന്റെ അമ്മയപ്പന്മാർക്കും എ ല്ലാവർക്കും അമ്മയായിത്തീരും; ആയിത്തീരണം!

**വേലക്കാരത്തികൾക്കു ഓഹരി കൊടുക്കുന്നു** (സദൃശ്യം 31:15 ). ഇവിടെ ഓഹരി എന്നാൽ 'ആ ഹാരം' എന്ന അർഥം മാത്രമല്ല ഉള്ളത്. ഓരോരു ത്തരുടെയും പണികൾ നിർണയിച്ച് അവരെ അതി നു നിയോഗിക്കുന്നു എന്നാണർഥം (While and their task to her maidens) എന്നാൽ, ജോലിക്കാർ ക്ക് വേല പകുത്തു കൊടുത്തിട്ട് വീട്ടമ്മ വീണ്ടും മയങ്ങാൻ പോകുകയല്ല; അവൾ ബലംകൊണ്ട് അ ര മുറുക്കുകയും ഭുജങ്ങളെ ശക്തീകരിക്കയും ചെയ്യുന്നു (സദൃശ്യം 31: 17 ). അവൾ നിലത്തിന്മേൽ ദൃഷ്ടിവെച്ച് അതു മേടിക്കുന്നു; സമ്പാദ്യം കൊണ്ട് അവൾ ഒരു മുന്തിരത്തോട്ടം ഉണ്ടാക്കുന്നു (സദൃശ്യം 31: 16 ). ഭക്തയായ ഒരു വീട്ടമ്മ എന്തിനാണ് പു തിയ നിലങ്ങൾ വാങ്ങിക്കൂട്ടുന്നത്? അവൾക്കറിയാം അവളുടെ കുടുംബം വളരുകയാണ്. വളരുന്ന കു ടുംബത്തിന്റെ ആവശ്യങ്ങളും വളരുന്നു. അ തുകൊണ്ട് അവൾ എല്ലാം കണക്കുകൂട്ടലുകളോ ടെ ചെയ്യുന്നു.... ഇതു ദൈവാശ്രയത്തെ തകർക്കു ന്നതല്ല. ഇവിടെ അവർ പുതിയ നിലം വാങ്ങാനൊരു ങ്ങുമ്പോൾ കൂടുതൽ അധ്വാനത്തിനു തയ്യാറെടുക്കു കയാണ് എന്നോർക്കണം.ഇവിടെ ശക്തീകരണം കൊടുക്കുന്നത് സമ്പാദ്യത്തിനല്ല, അധ്വാനത്തിനാ ണ്. സമ്പാദ്യം കൊണ്ട് അവൾ ഒരു മുന്തിത്തോട്ടം ഉണ്ടാക്കുന്നു.

ശേഷം പേജ് 30 ▶



ബാബു ചെറിയാൻ

# ഒരു കുട്ടിക്കു വേണ്ടി...

2021 നവംബർ മാസത്തിലെ പ്രധാന വാർത്തകളിലൊന്ന് ആയിരുന്നു അനുപമയും കുഞ്ഞും. ഈ വാർത്തയിൽ ഒരു തെറ്റായ സന്ദേശം മലയാളികളുടെ പരിപാവനമായ കുടുംബ സങ്കൽപ്പത്തിന് ഉണ്ടായി എന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്. വിവാഹത്തിന്റെയും കുടുംബത്തിന്റെയും മാന്യതയും മഹത്വവും മതഭേദമില്ലാതെ അംഗീകരിക്കുന്നവരാണ് മലയാളികൾ. അവിഹിതബന്ധവും അവിഹിതമക്കളും നമ്മുടെ കുടുംബങ്ങളെയും വിശേഷാൽ വരും തലമുറയെയും വല്ലാതെ ദോഷമായി ബാധിക്കും എന്നതിനു സംശയമില്ല.

എങ്കിലും, ഒരു മനുഷ്യക്കുട്ടിയുടെ വിലയെപ്പറ്റി നമ്മളെ ശരിക്കും ബോധവൽക്കരിക്കുന്ന വാർത്തയായിരുന്നു ഇത്. അനുപമ എന്ന ഒരു യുവതി അവളുടെ കുഞ്ഞിനു വേണ്ടി നടത്തിയ നിയമപോരാട്ടവും സമരവും കണ്ണുനീരും അത്ര പെട്ടെന്നൊന്നും നമ്മുടെ മനസ്സിൽ നിന്ന് മായില്ല.

ആന്ധ്രാ സ്വദേശികളായ അധ്യാപക ദമ്പതികൾ ഒരു കുട്ടിക്ക് വേണ്ടി നാലു വർഷമാണ് കാത്തിരുന്നത്. ഒരു കുഞ്ഞിന് ജന്മം നൽകുവാൻ അവർക്ക് കഴിയില്ല എന്നറിയാൻ എത്ര വർഷം ചെലവായി എന്ന് വാർത്തയിൽ കണ്ടില്ല. ദത്തെടുക്കലിന് സ്വന്തം സംസ്ഥാനത്ത് വളരെ നീണ്ട ക്യൂ ആണെന്ന് കണ്ടിട്ടാണ് കേരളത്തിൽ അപേക്ഷിച്ചത്. അങ്ങനെ നാലു വർഷം കാത്തിരുന്ന ശേഷം കിട്ടിയ കുട്ടിയെ അവർ പൊന്നുപോലെ പോറ്റി. 135 ദിവസം. എങ്കിലും അത് ആഴമായ സ്നേഹമായിരുന്നു.

'ഞങ്ങളുമായി അവന് നല്ല അടുപ്പമായിരുന്നു. അതുകൊണ്ട് തിരികെ വാങ്ങാൻ വന്ന ഉദ്യോഗസ്ഥരുടെ കയ്യിലേക്ക് പോകുവാൻ അവൻ സമ്മതിച്ചില്ല. അവൻ ഒത്തിരി കരഞ്ഞു. പെറ്റമ്മയ്ക്ക് മാത്രമല്ല, പോറ്റമ്മക്കും കുട്ടിക്ക് സ്നേഹവും കരുതലും നൽകുവാൻ കഴിയും എന്ന് പോറ്റമ്മ (ടീച്ചർ) പറഞ്ഞു'. (മലയാള മനോരമ 2021 നവംബർ 24 ബുധൻ). അവൻ മിടുക്കനാണ്, ബുദ്ധിമാനാണ്, എന്റെ ഭാര്യയുമായി ആഴത്തിൽ അടുപ്പം ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. വീട്ടിൽ കൊണ്ടു വന്ന ദിവസം ഇപ്പോഴും ഓർക്കുന്നു. വളർത്തച്ഛന്റെ വാക്കുകൾ.

നേർവീഥിയുടെ വായനക്കാരെ, നിങ്ങൾ വായിച്ചു മറന്ന ഈ വാർത്ത ഞാൻ ഓർമിപ്പിച്ചത് ഒരു പ്രധാന സന്ദേശം പങ്കുവയ്ക്കുവാൻ ആണ്. യേശുകർത്താവ് പറഞ്ഞ ഒരു മഹൽ സത്യത്തിന്റെ വെളിച്ചം

**കോവിഡ് കാലത്ത് തളർന്നുപോയ അനേക കൂട്ടായ്മകളിൽ ഏറ്റവുമധികം തളർന്നത് സൺഡേ സ്കൂൾ അല്ലേ? ഇപ്പോൾ പല കുട്ടികൾക്കും സൺഡേസ്കൂളിൽ പോകുവാനുള്ള താല്പര്യം നഷ്ടപ്പെട്ടിരിക്കുന്നു. അധ്യാപകർ ഇത് അറിയുന്നുണ്ടോ? ശുശ്രൂഷകർ ഇത് ശ്രദ്ധിക്കുന്നുണ്ടോ?**

ഇനിയും നമ്മുടെ മനസ്സിൽ വേണ്ടതുപോലെ കത്തിയിട്ടില്ല എന്ന് തോന്നുന്നു. പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ,അവരെ തടയരുത്.

1. പൈതങ്ങൾക്ക് ജാതിയും മതവും ആരും കല്പിക്കരുത്.

2. ആരുടെ പൈതൽ എന്നത് യേശുവിനു പ്രശ്നമല്ല.

3. കുട്ടിയുടെ കുടുംബ ചരിത്രവും പ്രശ്നമല്ല.

4. യേശുവിന്റെ അടുക്കൽ ആണ് വിടുന്നത് എങ്കിൽ കുട്ടിയുടെ ഭാവി അവിടുന്ന് സുരക്ഷിതമാക്കും.

5. പൈതൽ ആയിരിക്കുമ്പോൾ ആണ് വിടേണ്ടത്.

6. പൈതങ്ങൾ ദൈവസഭയ്ക്കോ കുടുംബങ്ങൾക്കോ ഒരു ശല്യം അല്ല, മറിച്ച് അനുഗ്രഹമാണ്.

7. അവരെ തടയുന്നത് മാതാപിതാക്കൾ ആണോ?

8. കുട്ടികളെ തടയുന്നത് സഭയാണോ?

യേശുകർത്താവ് പറഞ്ഞ ചരിത്രപ്രസിദ്ധമായ പ്രസ്താവനയിൽ ഇങ്ങനെ അനേക കാര്യങ്ങൾ ധ്യാനിക്കുവാൻ ഉണ്ട്. പക്ഷേ, ആഗോള ക്രിസ്തീയ സഭ ഇക്കാര്യത്തിൽ വലിയ അവഗണനയാണ് കാട്ടുന്നത്. പുരാതന ക്രിസ്തീയ രാജ്യങ്ങളിലെ പള്ളികൾ വിൽക്കുന്ന കാര്യങ്ങൾ, നമ്മൾ കുറെ കാലമായി കേൾക്കുന്നു. അത് ഇവിടെയും വന്നെത്തി നിൽക്കുന്നു. ജാഗ്രത!

കോവിഡ് കാലത്ത് തളർന്നുപോയ അനേക കൂട്ടായ്മകളിൽ ഏറ്റവുമധികം തളർന്നത് സൺഡേസ്കൂൾ അല്ലേ? ഇപ്പോൾ പല കുട്ടികൾക്കും സൺഡേസ്കൂളിൽ പോകുവാനുള്ള താല്പര്യം നഷ്ടപ്പെട്ടിരിക്കുന്നു. അധ്യാപകർ ഇത് അറിയുന്നുണ്ടോ? ശുശ്രൂഷകർ ഇത് ശ്രദ്ധിക്കുന്നുണ്ടോ? സഭ ഇക്കാര്യത്തിൽ എത്രത്തോളം ശ്രദ്ധിക്കുന്നു. നമ്മുടെ കർത്താവും കുട്ടികളുമായുള്ള, ബന്ധത്തെ നാം ശ്രദ്ധിക്കണം. കർത്താവു അവരെ തന്റെ അടുക്കൽ വരുവാൻ അനുവദിച്ചു. യേശുവിനെ വേണ്ടതുപോലെ അറിയുവാനോ ബഹുമാനിക്കുവാനോ ആരാധിക്കുവാനോ അറിയാത്ത ഈ കുട്ടികൾ തന്റെ അടുത്ത് വരുവാനും തന്നെ തൊടുവാനും എല്ലാം കർത്താവ് അനുവദിക്കുന്നു. കർത്താവ് ശിശുക്കളെ അണച്ചു എന്ന് കാണുന്നു. ഹഗ്ചെയ്തു എന്ന് ചിന്തിക്കാം. അവൻ കൈവച്ച് അനുഗ്രഹിച്ചു, കുട്ടിയെ എടുത്തു പരസ്യമായി മാതൃകയാക്കി ഉയർത്തിക്കാട്ടി. മുതിർന്നവർ, കമ്മറ്റിക്കാർ, പാതിരിമാർ, ഇവരെല്ലാം ശിശുക്കളെ പോലെ ആകണം എന്ന് അവിടുന്ന് അജ്ഞാപിച്ചു.

**നമ്മുടെ കർത്താവും കുട്ടികളുമായുള്ള, ബന്ധത്തെ നാം ശ്രദ്ധിക്കണം. കർത്താവു അവരെ തന്റെ അടുക്കൽ വരുവാൻ അനുവദിച്ചു. യേശുവിനെ വേണ്ടതുപോലെ അറിയുവാനോ ബഹുമാനിക്കുവാനോ ആരാധിക്കുവാനോ അറിയാത്ത ഈ കുട്ടികൾ തന്റെ അടുത്ത് വരുവാനും തന്നെ തൊടുവാനും എല്ലാം കർത്താവ് അനുവദിക്കുന്നു.**

നമ്മുടെ കർത്താവിന് കുട്ടികളുടെ വില അറിയാമായിരുന്നു. അതാണ് മഹത്തായ സത്യം. പക്ഷെ സഭകൾക്ക് ഇപ്പോഴും വേണ്ടതുപോലെ അറിയില്ല. മാതാപിതാക്കൾക്കും അറിയില്ല. ഈ സ്ഥിതി മാറണം. കുട്ടികൾ ഉള്ളവർ ശ്രദ്ധിക്കുക! അവർ ഒരു ശാപമല്ല, അനുഗ്രഹമാണ്. കുസൃതികളും ശുണ്ഠിത്തരങ്ങളും മാറിക്കോളും. അവരെ വിലയേറിയത് പഠിപ്പിക്കാൻ മറക്കരുത്. മറ്റു കുട്ടികളുമായി താരതമ്യം ചെയ്യരുത്. അവരെ യേശുവിന്റെ അടുക്കൽ എത്തിക്കണം, മറക്കരുത്.

മക്കളില്ലാത്തവർ വാഗ്ദത്തം ഉണ്ടെന്ന് പറഞ്ഞ് അധികനാൾ പാഴാക്കാതെ ഒരു കുട്ടിയെ ദത്തെടുക്കാൻ ശ്രമിക്കുക. ഒരു കുട്ടിയെ ദത്ത് എടുത്താലും ദൈവം പറഞ്ഞ വാഗ്ദത്തം നിറവേറ്റിക്കൊള്ളും. അങ്ങനെയൊക്കെ ധാരാളം സംഭവങ്ങൾ നടന്നിട്ടുണ്ട്. ഒരു കുട്ടിയുടെ വില അറിയണം. 135 ദിവസം മാത്രം വളർത്തിയ ഒരു പോറ്റമ്മയും, മൂന്നാം ദിവസം കുട്ടിയെ നഷ്ടപ്പെട്ട ഒരു പെറ്റമ്മയും നമ്മോട് പറയുകയാണ്: ഒരു മനുഷ്യക്കുട്ടി വിലയേറിയതാണ്.

യേശുകർത്താവ് ഈ കാര്യം എത്രയോ നേരത്തെ പറഞ്ഞു. പക്ഷേ നമ്മൾ ഗ്രഹിച്ചില്ല. ഒരു ഗൈനക്കോളജിസ്റ്റ് ടെലിവിഷനിൽ പറഞ്ഞത് ഇപ്രകാരമാണ്. ഓരോ മനുഷ്യക്കുഞ്ഞു ജനിക്കുമ്പോഴും ഈശ്വരൻ പറയുന്നു: എനിക്ക് സമൂഹത്തെക്കുറിച്ച് ഇനിയും പ്രതീക്ഷയുണ്ട്, വലിയ പ്രതീക്ഷ. ആ കുട്ടിയെ എത്രയുംചെറുപ്പത്തിൽ തന്നെ യേശുവിന്റെ അടുക്കൽ എത്തിക്കുക. അതാണ് നമ്മുടെ ഉത്തരവാദിത്വം. അപ്പോഴാണ് ആ കുട്ടിയുടെ യഥാർത്ഥ വിലലോകം അറിയുന്നത്. ●



ജോർജ് മാത്യു, പുതുപ്പള്ളി

# ലോകസ്നേഹം ദൈവത്തോടു ശത്രുത്വം

ലോകസ്നേഹം അപകടകരമായ ഒരു പാപമാണ്. പിശാചിന്റെ പിടിയിൽ അതു നമ്മെ കൊണ്ടെത്തിക്കുന്നു. നമുക്കു ലോകത്തോടുള്ള സ്നേഹം എങ്ങനെയുള്ളതെന്ന് തിരുവചനവെളിച്ചത്തിൽ നാം വിവേചിച്ചറിയണം. ദൈവം ലോകത്തെ സ്നേഹിച്ചതുപോലെയാണോ, അതോ സാത്താൻ നമ്മെ പ്രേരിപ്പിക്കുന്നതുപോലെയാണോ നമുക്കു ലോകത്തോടുള്ള സ്നേഹം? ലോകവുമായി ശരിയായ ബന്ധം പാലിച്ചതിന്റെ ഏറ്റവും മാതൃകാപരമായ ഉദാഹരണം, യേശുകർത്താവ് കഴിഞ്ഞാൽ, അപ്പൊസ്തലനായ പൗലൊസാണ്.

പൗലൊസും ഈ ലോകത്തിൽ ജീവിച്ച് അതിലെ വസ്തുവകകളെയൊക്കെ ഉപയോഗിച്ചു, അതിൽ സന്തുഷ്ടനുമായിരുന്നു. എന്നാൽ തനിക്കു ലഭിച്ചതിനെല്ലാം അദ്ദേഹം ദൈവത്തിനു സ്തോത്രം ചെയ്തു. എല്ലാ നല്ല ദാനങ്ങളുടെയും സ്രഷ്ടാവിനെ അദ്ദേഹം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. സൃഷ്ടിയിൽ തനിക്കുണ്ടായിരുന്ന സന്തോഷം അവയെ നൽകിയ ദൈവത്തിലുണ്ടായിരുന്ന സന്തോഷം ആയിരുന്നു. ലൗകികവസ്തുക്കൾ തനിക്കു ഉണ്ടോ ഇല്ലയോ എന്നത് അദ്ദേഹത്തിനു ഒരു പ്രശ്നമേ ആയിരുന്നില്ല. അവയിൽനിന്ന് അദ്ദേഹം പൂർണ്ണമായും സ്വതന്ത്രനായിരുന്നു.ദൈവം തനിക്കു നൽകിയതാണ് അവ എന്ന വസ്തുത മാത്രമാണ് അദ്ദേഹത്തിന് ആനന്ദം നൽകിയത്.

നാം എന്തിനോടു പ്രതിജ്ഞാബദ്ധരായിരിക്കുന്നുവോ, അതായത് നാം ഏതിനു മുൻഗണന കൊടുക്കുന്നുവോ, അതു നമ്മുടെ ജീവിതത്തിൽ ദൈവത്തിനു തന്നെയായിരിക്കണം. അല്ലെങ്കിൽ അത് ദൈവത്തിനുള്ള സ്ഥാനം അപഹരിക്കുക ആയിരിക്കും ചെയ്യുക. ലോകസ്നേഹം ഗുരുതരമായ വിഗ്രഹാരാധനയും, ദൈവശിക്ഷയ്ക്കു നമ്മെ വിധേയരാക്കുന്ന പാപവും ആണ്. ജോലി, കുടുംബം, പ്രശസ്തി, താലന്ത് തുടങ്ങി ദൈവത്തിൽനിന്നു ലഭിക്കുന്ന ദാനങ്ങളെ അമിതമായി നാം സ്നേഹിക്കുകയോ കരുതുകയോ ചെയ്യരുത്.

ദൈവത്തിനുവേണ്ടി ജീവിക്കുന്നതിനു പകരം നാം ലോകത്തിനുവേണ്ടിയാണ് ജീവിക്കുന്നതെങ്കിൽ അത് എത്രയോ ലജ്ജാകരമാണ്.ലോകത്തിലെ ജനങ്ങളെയും വസ്തുവകകളെയും ദൈവത്തെക്കാൾ അധികമായി സ്നേഹിക്കുകയും, അവയോട് ബന്ധിതരാവുകയും ചെയ്യുന്നുവെങ്കിൽ അത് അതിദയനീയമാണ്. ഒന്നുകിൽ ദൈവത്തെ അല്ലെങ്കിൽ മാമ്മോനെ, ഇവയിൽ ഏതെങ്കിലും ഒന്നിനെ മാത്രമേ നമുക്കു സേവിക്കുവാൻ കഴിയുകയുള്ളൂ. സ്നേഹിക്കുക എന്നു പറഞ്ഞാൽ നാം എന്തിനെ സ്നേഹിക്കുന്നുവോ, അതിനോടു പൂർണ്ണമായി പ്രതിജ്ഞാബദ്ധരായിരിക്കുക എന്നാണ് അർത്ഥം.

ലോകസ്നേഹം നമ്മെ പിശാചിനോട് ബന്ധിക്കുന്നു. നമ്മെ അന്ധകാരത്തിലേക്കു ആനയിക്കുവാൻ അവൻ കാത്തിരിക്കുകയാണ്. അതിനാൽ ലോകത്തെയല്ല, യേശുവിനെയാണ് ഏറ്റവും മഹത്തായ സ്നേഹലക്ഷ്യവും ജീവിതകേന്ദ്രവുമായി നാം തിരഞ്ഞെടുക്കേണ്ടത്. ലോകത്തോടുള്ള നമ്മുടെ മനോഭാവം എപ്രകാരമായിരിക്കണമെന്ന് പൗലൊസ് പ്രസ്താവിക്കുന്നു:' എന്നാൽ സഹോദരന്മാരേ, ഇതൊന്നു ഞാൻ പറയുന്നു. കാലം ചുരുങ്ങിയിരിക്കുന്നു. ഇനി, ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും, കരയുന്നവർ കരയാത്തവരെപ്പോ

ലെയും, സന്തോഷിക്കുന്നവർ സന്തോഷിക്കാത്തവരെപ്പോലെയും, വിലയ്ക്കു വാങ്ങുന്നവർ കൈവശമാക്കാത്തവരെപ്പോലെയും, ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെപ്പോലെയും ആയിരിക്കണം. ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോകുന്നുവല്ലോ' (2കോറിന്ത്യർ 7:29 -31).

ലോകത്തിലെ ആളുകളോടോ വസ്തുക്കളോടോ ഉള്ള പരിഗണനയിൽ യേശു ആയിരിക്കണം നമ്മുടെ ശ്രദ്ധാകേന്ദ്രം. നമ്മുടെ വിചാരവികാരങ്ങൾ ക്രിസ്തുകേന്ദ്രീകൃതമായിരിക്കണം. അപ്പോൾ നാം ക്രിസ്തുവിലൂടെ മാത്രമേ വ്യക്തികളെയും വസ്തുക്കളെയും സ്നേഹിക്കൂ. നമുക്കു വസ്തുവകകൾ ഉണ്ടായിരിക്കുകയോ ഇല്ലായിരിക്കുകയോ ചെയ്യാം. ക്രിസ്തു എപ്പോഴും നമ്മുടെ കേന്ദ്രമായി അവശേഷിക്കും. 'നിങ്ങളോ ക്രിസ്തുവിനുള്ളവർ, ക്രിസ്തു ദൈവത്തിനുള്ളവൻ' (1 കൊരിന്ത്യർ 3 : 23) എന്ന വചനം സ്മരിക്കുക.

'ദേമാസ് ഈ ലോകത്തെ സ്നേഹിച്ചുവെന്ന്' പൗലൊസ് എഴുതിയപ്പോൾ (2 തിമൊഥെയൊസ് 4 : 10) അദ്ദേഹം ഉദ്ദേശിച്ചത് ദേമാസ്, തന്നെയും യേശുവിന്റെ വേലയെയും ഉപേക്ഷിച്ച് പിന്മാറിപ്പോയി എന്നാണ്. 'ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹമില്ല' (1 യോഹ. 2 : 15). അവൻ മറ്റാരുടെയോ അധീനതയിലാണ്. അവൻ ഈ ലോകത്തിന്റെ പ്രഭുവായ പിശാചിന്റെ കീഴിലും അവന്റെ സ്വാധീനമേഖലയിലുമാണ്. ഏതെങ്കിലും വ്യക്തികളോടാണ് അമിതമായ ബന്ധമെങ്കിൽ അതിൽനിന്നു നാം മോചനം പ്രാപിക്കണം. ഉയർന്ന ജീവിത നിലവാരമാണ് നമ്മുടെ പ്രഥമ പരിഗണന എങ്കിൽ അത് നമ്മുടെ ആരാധനാമൂർത്തിയായിത്തീരുന്നു. ആർഭാടപൂർണ്ണമായ സുഖജീവിതം ഉപേക്ഷിച്ച് സുവിശേഷാനുസൃതമായ ലഘുജീവിതരീതി അവലംബിക്കണം. ടിവിയോ, മൊബൈൽ ഫോണോ, ഫേസ് ബുക്കോ, സോഷ്യൽ മീഡിയയോ, സിനിമയോ ക്രിക്കറ്റോ മറ്റ് ലോകമോഹങ്ങളോ എന്തു തന്നെയായാലും യേശുവുമായുള്ള നമ്മുടെ ബന്ധത്തിനു വിഘാതം സൃഷ്ടിച്ചാൽ അവയുമായുള്ള ബന്ധവും നിഷ്ക്കരുണം വിച്ഛേദിക്കണം .

'തന്നെക്കാൾ അധികമായി അപ്പനെയോ അമ്മയെയോ സ്നേഹിക്കരുത്' എന്നു പറയുക മാത്രമല്ല 'എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല' എന്നു കൂടിയാണ് യേശു പ്രഖ്യാപിക്കുന്നത്. (ലൂക്കൊസ് 14 : 26). 'പകയ്ക്കുക' എന്നു പറഞ്ഞാൽ മുൻഗണന കർത്താവിന് എന്ന് സുവ്യക്തം. നമ്മുടെ ചിന്താമണ്ഡലവും ഹൃദയവുംയേശുവിനു മുമ്പിൽ പൂർണ്ണമായി നാം സമർപ്പിക്കണം ഇതാണ് 'പകയ്ക്കുക' എന്നതിന്റെ ശരിയായ അർത്ഥം.

## ക്രിസ്തു എപ്പോഴും നമ്മുടെ കേന്ദ്രമായി അവശേഷിക്കും

ലോകസ്നേഹം ഏതെങ്കിലും വിധത്തിൽ നമ്മെ പിടികൂടിയിട്ടുണ്ടെങ്കിൽ അതു നമ്മെ ദൈവത്തിൽ നിന്ന് അകറ്റും. നമ്മുടെ സ്നേഹത്തിൽ മാത്രമേ യേശുവിനു താല്പര്യമുള്ളൂ. പരിഗണന ലംഘിച്ചു നാം സ്നേഹിക്കുന്ന ആളുകളിൽനിന്നും വസ്തുവകകളിൽനിന്നും യേശുവിനോടുള്ള സ്നേഹത്തെപ്രതി നാം നിശേഷം വിട്ടുപിരിയണം. 'എന്റെ നാമം നിമിത്തം വീടുകളെയോ സഹോദരന്മാരെയോ സഹോദരികളെയോ അപ്പനെയോ അമ്മയെയോ മക്കളെയോ നിലങ്ങളെയോ വിട്ടുകളഞ്ഞവന് എല്ലാം നൂറു മടങ്ങു ലഭിക്കും. അവൻ നിത്യജീവനെയും അവകാശമാക്കും' (മത്തായി 19:29) എന്നാണ് യേശുവിന്റെ ആഹ്വാനം.

നാം എന്തിനെ പകയ്ക്കുന്നുവോ അതുമായുള്ള മുൻഗണന ഇല്ലാതാക്കുകയാണു വേണ്ടത്. യേശു പാപത്തെ വളരെയധികം വെറുക്കുന്നു. തനിക്കുള്ളവരും പാപത്തെ അതുപോലെ വെറുക്കണമെന്നാണ് യേശു ആഗ്രഹിക്കുന്നത്. പാപത്തിൽ ജീവിക്കുന്നവരെ നിത്യരക്ഷയിലേക്കു നടത്തുവാൻ നാം നിയോഗിതരാണ്. നാം യേശുവിനെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടെങ്കിൽ മറ്റുള്ളതെല്ലാം യേശുവിനു വേണ്ടി സന്തോഷത്തോടെ ഉപേക്ഷിക്കുവാൻ നമുക്കു സാധിക്കും. ഇഹലോകത്തിലും നിത്യതയിലും നമുക്കു സൗഭാഗ്യം നൽകുവാനാണ് യേശു ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് ദൈവവചനം നമ്മെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നത് : 'ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു' (1 യോഹന്നാൻ 2 : 15 - 17).

റിഞ്ചു ജെറിൻ

# കാണാമറയത്തെ ശുശ്രൂഷകരും ശുശ്രൂഷകളും

***അപ്പത്തിനായുള്ള വിശപ്പല്ല വെള്ളത്തിനായുള്ള ദാഹവുമല്ല, യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിനുള്ള വിശപ്പുതന്നേ ഞാൻ ദേശത്തേക്കു അയക്കുന്ന നാളുകൾ വരുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട് (ആമോസ് 8:11).***

അട്ടപ്പാടിയിലുള്ള പാൽകുറുംബരുടെ വേദപുസ്തകത്തിലെ ഒരു വാക്യമാണ് (വെളിപ്പാട് 7:9) താഴെ കൊടുത്തിരിക്കുന്നത്. *അദ്ക്ക് പ്റ എല്ലാ ജാദിഗാള്ലിൻ്്മ്, എല്ലാ കുലഗാള്ലിൻ്്മ്, എല്ലാ ബമ്മേസഗാള്ലിൻ്്മ്, എല്ലാ നായഗാറാര്ലിൻ്്മ് ആര്ക്ക്മ് എ്ണ്ണ്സ്യ മുഡ്യാത്ത ദൊഡ്ഡ ഒന്റു ആള്കൂട്ട ബെ്ള്ളെ ജൊഗെ ഇക്കിമ് കയില് പേരീസ് പുല്ലുന പ്ഡിത്ത്മ് കുറിഞ്ചിക്ക്മ് കൊറ്യാഡ് കുട്ടിക്ക്മ് മുന്നുക്കു നിന്റ്ക്കുവാദ്ന നാന് കണ്ടേന്.* 2019 ലാണ് പാൽകുറുംബ ഭാഷയിൽ പുതിയ നിയമം ലഭ്യമായത്. അതുവരെ പാൽകുറുംബ വിശ്വാസികൾ മലയാള വേദപുസ്തകമാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. ഈ ഭാഷ നമുക്ക് എത്രത്തോളം അപരിചിതമായി തോന്നുന്നുവോ അതുപോലെതന്നെയായിരുന്നു പാൽകുറുംബർക്ക് മലയാള വേദപുസ്തകം വായിക്കുമ്പോഴും കേൾക്കുമ്പോഴും തോന്നിയിരുന്നത്. ഒന്നോർത്തുനോക്കൂ, മലയാള വേദപുസ്തകത്തിനു പകരം പാൽകുറുംബ വേദപുസ്തകമാണ് നമുക്കുണ്ടായിരുന്നതെങ്കിലോ?

ലോകത്തിൽ ഏറ്റവുമധികം ഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെട്ടത് വേദപുസ്തകമാണ്. കേരളത്തിന്റെ ആത്മിക, സാമൂഹിക തലങ്ങളിൽ രൂപാന്തരമുളവാക്കുവാൻ വേദപുസ്തകം വഹിച്ച പങ്ക് അനിഷേധ്യമാണ്. എന്നാൽ പാൽകുറുംബരെപ്പോലെ നിരവധി ഗോത്രസമൂഹങ്ങൾ കേരളത്തിലുണ്ട്. അവരിൽ പലരുടെയും സംസാരഭാഷയുൾപ്പെടെ ലോകമെമ്പാടുമുള്ള ആയിരക്കണക്കിനു ഭാഷകളിൽ ഇന്നും വേദപുസ്തകം ലഭ്യമായിട്ടില്ല.

എന്തുകൊണ്ടാണ് നാം ഈ ഭാഷകളെക്കുറിച്ച് ചിന്തിക്കേണ്ടത്? ആശയവിനിമയത്തിൽ ഭാഷയുടെ സ്ഥാനം നമുക്കറിവുള്ളതാണ്, അത് നാം മുകളിലെ ഉദാഹരണത്തിൽനിന്നും മനസിലാക്കുകയും ചെയ്തു. ഇതിനു പുറമേ, ഭാഷ വ്യക്തികളുടെയും സമൂഹങ്ങളുടെയും ഐഡന്റിറ്റിയുടെ ഭാഗം കൂടിയാണ്. ഇത് കേവലം സാമൂഹ്യമായ വസ്തുത മാത്രമല്ല, മറിച്ച് ഒരു തിരുവചനസത്യം കൂടെയാണ്. ക്രിസ്തുവിന്റെ മണവാട്ടി സഭയെ വിഭാവനം ചെയ്തപ്പോൾ,അതിൽ സകല ഭാഷക്കാരും ഉൾപ്പെടണമെന്ന് നിർണയിച്ചിരുന്നു.

**സകല ഭാഷക്കാർക്കും സാക്ഷികളാകുകയെന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്വം മനസിലാക്കിയതുകൊണ്ടാണ് ലോകമെമ്പാടുമുള്ള വേദപുസ്തകപരിഭാഷാസംഘങ്ങൾ വചനദാരിദ്ര്യം ഇല്ലാതാക്കുക എന്ന ഉദ്യമം ഒരു ദൗത്യമായി ഏറ്റെടുത്തിരിക്കുന്നത്.**

ഈ വാക്യങ്ങൾ ശ്രദ്ധിക്കുക:

രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും (മത്തായി 24:14).

എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ... ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും (പ്രവർത്തികൾ 1:8).

ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു (പ്രവർത്തികൾ 17:30).

*ഇതിന്റെശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്ന് ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം...* (വെളിപ്പാട് 7:9)

കർത്താവിന്റെ വരവിനുമുമ്പായി ഭൂലോകത്തിലൊക്കെയും സുവിശേഷം പ്രസംഗിക്കപ്പെടുമെന്നും, അത് പൂർത്തീകരിക്കപ്പെടുന്നത് നാം ലോകത്തിന്റെ അറ്റത്തോളം ക്രിസ്തുവിന്റെ സാക്ഷികളാകുന്നതുമൂലം സകല ജാതികളിലും, ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ളവർ ക്രിസ്തുവിന്റെ മണവാട്ടിയാംസഭയുടെ ഭാഗം ആകുകയും ചെയ്യുമ്പോഴാണന്നും മുകളിൽ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽനിന്ന് ഗ്രഹിക്കാം.

**വചനദാരിദ്ര്യം ഇല്ലാതാക്കുക**

അങ്ങനെയെങ്കിൽ സകല ഭാഷക്കാർക്കും സാക്ഷികളാകുകയെന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്വം മനസിലാക്കിയതുകൊണ്ടാണ് ലോകമെമ്പാടുമുള്ള വേദപുസ്തക പരിഭാഷാസംഘങ്ങൾ വചനദാരിദ്ര്യം ഇല്ലാതാക്കുക (eradicating Bible poverty) എന്ന ഉദ്യമം ഒരു ദൗത്യമായി ഏറ്റെടുത്തിരിക്കുന്നത്. ഈ ഉദ്യമത്തിന്റെ ലക്ഷ്യം 2033 നോടുകൂടി ലോകജനസംഖ്യയിൽ 95 ശതമാനം ജനങ്ങൾക്ക് സമ്പൂർണ്ണവേദപുസ്തകവും, 99.96 ശതമാനം ജനങ്ങൾക്ക് പുതിയനിയമവും, 100 ശതമാനം ജനങ്ങൾക്ക് തിരഞ്ഞെടുക്കപ്പെട്ട വേദഭാഗങ്ങളും ലഭ്യമാക്കുകയെന്നതാണ്. അവർ അതിനായി പ്രാർത്ഥിക്കുകയും, പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ദൈവഹിതമായാൽ അത് നമ്മുടെ തലമുറയിൽത്തന്നെ പൂർത്തീകരിക്കപ്പെടുകയും, ദൈവവചനം ലോകത്തിന്റെ അറ്റത്തോളം എത്തിച്ചേരുകയും ചെയ്യും.

പ്രിയരേ, ദൈവം നമ്മുടെ തലമുറയിൽ വൻകാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. നാം തലയുയർത്തി ഒന്നു നോക്കിയാൽ വിളഞ്ഞുകിടക്കുന്ന വിശാലമായ വയലുകൾ കാണാൻ കഴിയും. എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടെണമെന്നുള്ള ആത്മാർഥമായ ആഗ്രഹമാണ് നമുക്കുണ്ടാകേണ്ടത്. അതുതന്നെയാണ് കർത്താവിന്റെ ഇച്ഛയും. അതെ, നമ്മുടെ പിതാവിന്റെ ഹൃദയവിങ്ങലുകൾ നമ്മുടെയും ഹൃദയവിങ്ങലുകളാകട്ടെ. •

# ഓമനപ്പേരുള്ള നായ്ക്കുട്ടി




ടോമി എന്ന നായ്ക്കുട്ടി വീടിന് അലങ്കാരവും വീട്ടുകാർക്ക് ഇഷ്ടനും വീട്ടിലെ കുട്ടികൾക്ക് കളിക്കൂട്ടുകാരനുമായിരുന്നതിനാൽ അവൻ തികഞ്ഞ അഭിമാനിയായിരുന്നു. തമ്മിൽ വഴക്കു കൂടുന്ന രണ്ട് മനുഷ്യർ അന്യോന്യം തന്റെ വർഗ്ഗത്തിന്റെ പേരു വിളിച്ച് ശകാരിക്കുന്നതും ശപിക്കുന്നതും അപ്രതീക്ഷിതമായി കേട്ടപ്പോൾ അവന് അതിശയം തോന്നി. എന്തേ, ഞങ്ങളിത്ര നികൃഷ്ടരോ? ശ്രദ്ധയോടെ വീക്ഷിച്ചപ്പോൾ  ഇത്തരം ആക്രോശങ്ങൾ അവൻ പിന്നീടും കേട്ടു. ശകാരിക്കുവാനും ശപിക്കുവാനും അപമാനിക്കുവാനും അല്ലാതെ അഭിനന്ദിക്കുവാനോ പ്രശംസിക്കുവാനോ തങ്ങളുടെ വർഗത്തിന്റെ പേര് ആരും ഉപയോഗിക്കുന്നില്ല. തെരുവിൽ അലയുന്നതും തമ്മിൽ ശണ്ഠകൂടുന്നതും അറയ്ക്കേണ്ടതിനെ ഭക്ഷിക്കുന്നതുമാണ് തങ്ങളുടെ വർഗ്ഗത്തിന്റെ പൊതുസ്വഭാവം എന്ന് മനസ്സിലാക്കിയപ്പോൾ അവന്റെ പരിഭവം മാറി.

എന്നാൽ ആശ്വസിക്കുവാൻ അവനൊരു വഴികണ്ടെത്തി. എന്റെ വീട്ടിൽ എന്റെ വർഗ്ഗത്തിന്റെ പേരിലല്ല, യജമാനനിട്ട ഓമനപ്പേരിലാണ് ഞാനറിയപ്പെടുന്നത്.

സാധു സത്യ

# ഇഗ്നേഷ്യസ് സിംഹങ്ങൾക്കിരയായ രക്തസാക്ഷി

യേശുവിന്റെ ശിഷ്യഗണങ്ങൾക്ക് 'ക്രിസ്ത്യാനി' എന്ന പേര് ലഭിച്ച അന്ത്യോക്യയിൽ നിസ്തുല്യമായ ശുശ്രൂഷയായിരുന്നു ഇഗ്നേഷ്യസ് നിർവ്വഹിച്ചിരുന്നത്. അദ്ദേഹത്തിന്റെ കാലത്താണ് 'ക്രിസ്ത്യാന്തിമോസ്' അഥവാ ക്രിസ്ത്യാനിത്വം എന്ന പദത്തിന് പ്രചാരം ലഭിച്ചത്. യേശുവിലുള്ള ദൃഢമായ വിശ്വാസം നിമിത്തമാണ് അദ്ദേഹത്തെ വധശിക്ഷയ്ക്കുവേണ്ടി റോമിലേക്ക് കൊണ്ടുപോയത്. ചോദ്യം ചെയ്യലിനുശേഷം ചങ്ങലകളാൽ ബന്ധിച്ചു റോമിൽ കൊണ്ടുപോയി വിശന്നിരിക്കുന്ന സിംഹങ്ങൾക്ക് ആഹാരമായി നല്കുക എന്ന വിധിയുണ്ടായപ്പോൾ, ഇഗ്നേഷ്യസ് ഇപ്രകാരം പ്രാർത്ഥിച്ചു. "കർത്താവേ, ഞാൻ നിന്നെ സ്തുതിക്കുന്നു. അപ്പൊസ്തലനായ പൗലോസിന് ലഭിച്ചതുപോലെ ഇത്തരമൊരു അവസ്ഥ നല്കി എന്നെയും അങ്ങ് മാനിച്ചിരിക്കയാൽ ഞാൻ അങ്ങയെ വാഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നു."



"നീ ആരാണ്?" റോമാ ചക്രവർത്തിയും ക്രൈസ്തവ പീഡനങ്ങൾക്ക് നേതൃത്വം കൊടുത്തവനുമായ ട്രാജന്റെ ഈ ചോദ്യത്തിന് ഇഗ്നേഷ്യസിന്റെ മറുപടി ഇപ്രകാരമായിരുന്നു.

"എന്റെ പേര് തിയോഫറസ് (ഇഗ്നേഷ്യസിന് സ്നാനസമയത്തിട്ട പേര്) അഥവാ ദൈവത്തെ വഹിക്കുന്നവൻ. ആ ദൈവം ക്രിസ്തുവാണ്. അദ്ദേഹത്തെ ഞാൻ ഹൃദയത്തിൽ വഹിക്കുന്നു."


എ.ഡി. 98 മുതൽ 117 വരെ ഭരണം നടത്തിയ ട്രാജന്റെ കാലത്താണ് ഇഗ്നേഷ്യസ് രക്തസാക്ഷിമരണം വരിക്കുന്നത്. അക്രൈസ്തവ പശ്ചാത്തലത്തിൽ ജനിച്ച ഇഗ്നേഷ്യസ് ക്രിസ്തുവിന്റെ അനുഗാമിയായി മാറി. അപ്പൊസ്തലനായ യോഹന്നാന്റെ ശിഷ്യനായിരുന്നു അദ്ദേഹമെന്നും ഒന്നാം നൂറ്റാണ്ടിൽ നാല്പതുവർഷത്തോളം അന്ത്യോക്യയിൽ സഭകൾക്ക് നേതൃത്വം കൊടുത്തുവെന്നും ചരിത്രരേഖകളിൽ പറയുന്നു. ക്രിസ്ത്യാനിയായതിനാലാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് വധശിക്ഷയ്ക്കു വിധിച്ചത്. ശിക്ഷ നടത്താനായി റോമിലേക്കു കൊണ്ടുപോകുന്ന അവസരത്തിൽ ഇഗ്നേഷ്യസ് എഴുതിയ കത്തുകളിൽ നിന്നാണ് അദ്ദേഹത്തിന്റെ മരണസമയത്തിനു തൊട്ടുമുമ്പുള്ള നാളുകളെക്കുറിച്ച് വിവരം ലഭിക്കുന്നത്.

പോളിക്കാർപ്പിന് അദ്ദേഹം എഴുതിയ കത്തിലെ ഒരു വരി ഇങ്ങനെയായിരുന്നു, "എനിക്കുവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്ന മൃഗങ്ങൾക്ക് ഞാൻ ഇരയായി തീരുന്നതിന്, എത്രയും വേഗം ദൈവം അനുവദിച്ചിരുന്നെങ്കിൽ ഞാൻ അത്രയ്ക്ക് ഭാഗ്യവാനാകുമായിരുന്നു."

റോമിലേക്കുള്ള നരകപൂർണ്ണമായ യാത്രയ്ക്കിടയിൽ സ്മുർന്നയിൽ വച്ച് പോളിക്കാർപ്പിനെ കാണുവാനും ആശയങ്ങൾ പങ്കുവയ്ക്കുവാനും ഇഗ്നേഷ്യസിന് അവസരം ലഭിച്ചു. ഈയവസരത്തിലാണ് അദ്ദേഹം സഭകൾക്ക് ചില കത്തുകൾ എഴുതുന്നത്. ഏഴ് കത്തുകളിൽ അഞ്ചെണ്ണം ഏഷ്യാമൈനറിലുള്ള സഭകളെ അഭിസംബോധന ചെയ്തുകൊണ്ടുള്ളവയാണ്. ഒരു കത്ത് റോമിലെ സഭയ്ക്കും മറ്റൊന്ന് പോളിക്കാർപ്പിനോടുള്ള വിടവാങ്ങൽ സന്ദേശവുമായിരുന്നു. സിംഹങ്ങളുടെ മുമ്പിൽ വലിച്ചെറിയപ്പെടുന്നതിന് മുമ്പുതന്നെ കഠിനമായ പീഡനങ്ങൾക്ക് ഇഗ്നേഷ്യസിനെ വിധേയനാക്കിയിരുന്നു. സിംഹത്തിന്റെ മുമ്പിൽ വലിച്ചെറിയപ്പെട്ടപ്പോൾ, അവ അദ്ദേഹത്തെ കടിച്ചുകീറി ചില എല്ലുകൾ ഒഴികെ മറ്റെല്ലാം തിന്നുകളഞ്ഞു.

അദ്ദേഹം എഴുതിയ കത്തുകൾ ഇന്നും ലഭ്യമാണെങ്കിലും അവയിലെ സന്ദേശങ്ങളിൽ കൂട്ടിച്ചേർക്കലുകൾ നടന്നിട്ടുണ്ടെന്ന് പറയപ്പെടുന്നു. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായിരുന്ന അപ്പോസ്തല പിതാക്കന്മാർ രക്തസാക്ഷികളായതിന് തൊട്ടുപിന്നാലെ, ക്രൂരമായി പീഡിപ്പിക്കപ്പെട്ട് രക്തസാക്ഷിയായിത്തീർന്ന ഈ വിശുദ്ധനെ ക്രൈസ്തവ ലോകം ആരാധ്യനാക്കിയതും അപകടമായി. •





ഡോ. സുജിത്ത് സൈമൺ

# വിദ്യാർത്ഥികൾക്കുള്ള കൗൺസലിംഗിന്റെ ആവശ്യകത

നമ്മുടെ വിദ്യാഭ്യാസ രംഗം അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ പുതിയ കോഴ്സുകളും വൈവിധ്യമാർന്ന വിഷയങ്ങളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നു. അതുകൊണ്ടുതന്നെ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചും ഭാവിയെക്കുറിച്ചും മാതാപിതാക്കൾ ഉത്കണ്ഠാകുലരാകുന്നു. മത്സരങ്ങൾ നിറഞ്ഞ ഇന്നത്തെ സമൂഹത്തിൽ വിദ്യാർഥികൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ നിരവധിയാണ്. കുട്ടികൾക്ക് തങ്ങളുടെ യഥാർത്ഥ കഴിവുകൾ എന്തെന്ന് കണ്ടെത്താനോ, ദൈവഹിതപ്രകാരം തങ്ങളുടെ അഭിരുചി, താല്പര്യം, വ്യക്തിത്വം, എന്നിവയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തിരഞ്ഞെടുക്കാനോ സൗകര്യം ലഭിക്കുന്നില്ല. രക്ഷാകർത്താക്കൾക്കോ, അധ്യാപകർക്കോ ഈ കാര്യത്തിൽ വേണ്ടവണ്ണം ഒന്നും ചെയ്യാനാകാത്ത സ്ഥിതി വിശേഷവും ഉണ്ട്. ഇങ്ങനെയുള്ള ചുറ്റുപാടിൽ വളരുകയും പഠിക്കുകയും ചെയ്യുന്ന പല കുട്ടികൾക്കും തങ്ങളുടെ പ്രശ്നങ്ങളെ ശരിയായി മനസ്സിലാക്കുവാനും കഴിയാതെ പോകുന്നു. ദൈവവചന അടിസ്ഥാനത്തിൽ കുട്ടികളുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ വ്യക്തിത്വത്തിനും മാനസിക വളർച്ചയ്ക്കും വിലങ്ങുതടിയായി നിൽക്കുന്ന യഥാർത്ഥ കാരണങ്ങളെ കണ്ടുപിടിച്ച് തെറ്റ് തിരുത്തുവാനും ഉത്തമമാതൃക കാണിക്കുവാനും മൂല്യങ്ങൾ വളർത്തുവാനും അനുഭവ സമ്പന്നരായ വ്യക്തികൾ ആവശ്യമാണ്.

നമ്മുടെ വിദ്യാർത്ഥികൾ ഒട്ടേറെ വൈകാരിക പ്രശ്നങ്ങളെയും, പ്രതിസന്ധികളെയും അഭിമുഖീകരിക്കുന്നവരാണ്. അവരുടെ വ്യക്തിത്വത്തിന്റെ സുസ്ഥിരതയ്ക്ക് പല കാര്യങ്ങൾ ആവശ്യവുമാണ്. അവരുടെ ശാരീരികാരോഗ്യം, മാനസികാരോഗ്യം, ആത്മീയാരോഗ്യം, ജീവിത മൂല്യങ്ങൾ, ലക്ഷ്യങ്ങൾ,വ്യക്തിബന്ധങ്ങൾ തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടതാണ്. ഇവ തമ്മിലുള്ള സമന്വയം ജീവിതവിജയത്തിന് അനിവാര്യമാണ്. എന്നാൽ ഇവ തമ്മിലുള്ള പൊരുത്തക്കേടുകൾ വിദ്യാർത്ഥികളിൽ സംഘർഷാവസ്ഥ സൃഷ്ടിക്കുന്നു. അത് അവരുടെ അനുദിന ജീവിതത്തെ അസ്വസ്ഥമാക്കി തീർക്കുന്നു. ഒരു കുട്ടി തന്റെ വ്യക്തിത്വത്തിന്റെ തനിമ കണ്ടെത്തുന്നത് കൗമാരകാലത്തെ ഹൈസ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. ഈ പ്രതിസന്ധിഘട്ടത്തിലാണ് സ്വന്തം വ്യക്തിത്വം കണ്ടെത്തുന്നത് (Identity crisis). എന്നാൽ വികാരങ്ങളെ നിയന്ത്രിക്കാൻ ബുദ്ധിമുട്ടുന്ന ഈ പ്രായത്തിൽ മറ്റ് എന്തിനും എന്നപോലെ സ്വാതന്ത്ര്യത്തിനും അവർ ഏറെ പ്രാധാന്യം നൽകാറുണ്ട്. പക്ഷേ, പലപ്പോഴും അധ്യാപകരുടെയും മാതാപിതാക്കളുടെയും വിലക്കുകളും നിഷേധാത്മക നിലപാടുകളും അവർക്ക് വിലങ്ങുതടിയായി നിൽക്കുന്നു എന്ന് മനസ്സിലാക്കുമ്പോൾ അവർ പ്രശ്നക്കാരായി മാറുന്നു.

അതുപോലെതന്നെ ക്രിക്കറ്റ് പോലുള്ള കായിക ഉല്ലാസതലങ്ങളിലെ പ്രശസ്തരോട് തോന്നുന്ന താരാരാധന, അനാരോഗ്യകരമായ ഫാഷൻ ഭ്രമം, രാഷ്ട്രീയത്തിലെയും, സമൂഹത്തിലെയും മൂല്യത്തകർച്ച, ദൈവവിശ്വാസരാഹിത്യം, ആധുനിക ലോകത്തിലെ അസംതൃപ്തി, മറ്റു വെല്ലുവിളികൾ തുടങ്ങിയ പ്രശ്നങ്ങൾ വിദ്യാർത്ഥികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കാറുണ്ട്. സാന്മാർഗിക മൂല്യങ്ങളും, ഉത്തമ ലക്ഷ്യങ്ങളും തിരഞ്ഞെടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് മാർഗനിർദ്ദേശം ആവശ്യമാണ്. ഒരു വ്യക്തിയെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നത് അവനിൽ

പകരപ്പെട്ട മൂല്യങ്ങളാണ്. ഉത്തമമായ മൂല്യങ്ങളാണ് ലക്ഷ്യങ്ങൾ തിരഞ്ഞെടുക്കുവാൻ വ്യക്തിയെ പ്രേരിപ്പിക്കുന്നത്. അതുപോലെ തന്നെ, ഉത്തമ ലക്ഷ്യങ്ങളാണ് ജീവിതത്തിന് അർത്ഥവും ആനന്ദവും പകരുന്നത്.

പഠനവുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങൾ വിദ്യാർഥികൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. തെറ്റായ പഠനരീതികൾ, ഏകാഗ്രത ഇല്ലായ്മ, ഓർമ്മക്കുറവ്, താല്പ്പര്യമില്ലായ്മ, അലസത, ആത്മവിശ്വാസമില്ലായ്മ, പരീക്ഷാഭയം, ഉൽക്കണ്ഠ, മാനസികമായ തളർച്ച, കഴിവുണ്ടെങ്കിലും പഠനത്തിൽ പിന്നോക്കം പോവുക, പഠനത്തിൽ അടുക്കും ചിട്ടയുമില്ലാതെ വരിക, ഒരു വിദ്യാലയത്തിൽ നിന്നും മറ്റൊരു വിദ്യാലയത്തിലേക്കു മാറ്റി ചേർക്കുമ്പോൾ പുതിയ സാഹചര്യവും കൂട്ടുകാരും അധ്യാപകരുമായി പൊരുത്തപ്പെടാൻ കഴിയാതെ വരിക തുടങ്ങി അനേകം പ്രശ്നങ്ങൾ വിദ്യാർഥികൾക്ക് ഉണ്ടാകാം. ചിലരെ അലട്ടുന്നത് കുടുംബത്തിലെ പ്രശ്നങ്ങൾ ആയിരിക്കും. കുട്ടികളിൽ പ്രതിസന്ധികൾ ഉളവാക്കുന്നതിൽ കുട്ടിക്കാല അനുഭവങ്ങൾക്ക് വലിയ സ്വാധീനമുണ്ട്. വളരുന്ന കുട്ടികൾക്ക് വളർച്ചയുടെ ഘട്ടത്തിൽ അസ്വസ്ഥതകളും, സംഘർഷങ്ങളും, താളം തെറ്റിയ വികാരങ്ങളും, ആഗ്രഹങ്ങളുടെ അനിയന്ത്രിതമായ ഉയർന്ന പ്രേരണാശക്തിയും സർവ്വസാധാരണമാണ്. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ സംശയങ്ങളും തെറ്റിദ്ധാരണകളും വികല ചിന്തകളും അവരിൽ ഉണ്ടാകാനിടയുണ്ട്.

ഈ പ്രായത്തിൽ അവർക്ക് ആവശ്യമായ ശ്രദ്ധയും, മാർഗ്ഗനിർദ്ദേശവും, അംഗീകാരവും, ലഭിച്ചിരിക്കണം. അനുഭാവപൂർവ്വം കുട്ടികളെ മനസ്സിലാക്കി അവരെ സഹായിക്കാനും പ്രശ്നത്തിൽനിന്ന് അവരെ കൈപിടിച്ചുയർത്തുവാനും സാധിക്കണം. ഇതൊക്കെ നിഷേധിക്കപ്പെടുമ്പോൾ പലതരത്തിലുള്ള വ്യക്തിത്വ വൈകല്യങ്ങൾ കണ്ടുതുടങ്ങുന്നു. ഇത്തരക്കാർക്ക് സ്നേഹം കൊടുക്കാനും, മറ്റുള്ളവരിൽ നിന്ന് സ്നേഹം സ്വീകരിക്കാനും കഴിയില്ല. വ്യക്തികളെ നേരിടാനും, സാഹചര്യങ്ങളെ അഭിമുഖീകരിക്കാനും കഴിയില്ല. ഒരുതരം അരക്ഷിതബോധം ആയിരിക്കും അവർക്ക്. ഏതാണ്ട് ഹൈസ്കൂൾ ക്ലാസുകളിൽ എത്തുമ്പോൾ അവരുടെ അബോധമനസ്സിൽ ഉറങ്ങിക്കിടക്കുന്ന ഭയം, അപകർഷതാബോധം, സുരക്ഷിതത്വബോധമില്ലായ്മ തുടങ്ങിയ വികാരങ്ങൾ പല രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു. ഇത് ഒരു പാട് കുറ്റകൃത്യങ്ങളും, മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, ആസക്തികൾ (Addictions), ആത്മഹത്യ പ്രവണത, ഒളിച്ചോട്ടം എന്നിങ്ങനെയുള്ള ആപത്തിലേക്ക് അവരെ നയിച്ചെന്നു വരാം. ഈ ഘട്ടത്തിൽ ഒരു കൗൺസലറുടെ സഹായം ആവശ്യമാണ്.

കുട്ടികളുടെ സർഗ്ഗവാസനയും, ബുദ്ധിപരവും മന:ശാസ്ത്രപരവും ആയ കഴിവുകളെ കണ്ടെത്താനുള്ള സാഹചര്യം വേണ്ടതുപോലെ ഇന്നില്ല. കുട്ടിയുടെ കഴിവിനെ വിലയിരുത്താതെ, യാതൊരു പ്ലാനും പദ്ധതിയും കൂടാതെ, പഠിക്കുന്ന വിഷയത്തിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാൻ അനുവദിക്കുന്നത് കൊണ്ട് യാതൊരു പ്രയോജനവും ഇല്ലല്ലോ.

ഇക്കാര്യത്തിൽ സഹായിക്കാനും അവരുടെ കഴിവും താലപ്പര്യവുമനുസരിച്ച് അവരെ വിവിധ തുറകളിലേക്ക് തിരിച്ചുവിടാനും കൗൺസലിംഗ് ആവശ്യമാണ്. കൗമാരപ്രായത്തിൽ എത്തുന്ന കുട്ടിയുടെ കഴിവുകളും താൽപ്പര്യങ്ങളും വിലയിരുത്തി അതാത് മേഖലകളിലേക്ക് തിരിച്ചുവിടാൻ ഇതുകൊണ്ട് കഴിയുന്നു.

പ്രശ്നക്കാരായ വിദ്യാർഥികളെ കേവലം ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്തതു കൊണ്ട് യാതൊരു ഫലവുമില്ല. മറിച്ച് കുട്ടികൾ എവിടെ നിൽക്കുന്നു, അവരുടെ പ്രശ്നങ്ങൾ എന്താണന്ന് കണ്ടെത്താനും, അവരെ മനസ്സിലാക്കാനും, വളർച്ചയുമായി ബന്ധപ്പെട്ട സംഘർഷാവസ്ഥയുടെ കാരണം കണ്ടുപിടിച്ച് അതിനെ നേരിടാനുമുള്ള സാഹചര്യം ഉണ്ടാക്കി കൊടുക്കുകയാണ് വേണ്ടത്. ഈ സഹായത്തിനാണ് കൗൺസലിംഗ് എന്ന് പറയുന്നത്. പ്രശ്നം ഉള്ള ആളെ സഹാനുഭൂതിയോടെ ശ്രദ്ധിച്ചു കേൾക്കാനും മനസ്സിലാക്കാനും ഒരു കൗൺസലർക്ക് മാത്രമേ കഴിയൂ.

പ്രശ്നമുള്ള കുട്ടിയെ ശ്രദ്ധിച്ചു കേൾക്കുന്നതിനോടൊപ്പം അവന്റെ വ്യക്തിത്വത്തിലെ സംഘർഷാവസ്ഥയുടെ കാരണം കാണിച്ചു കൊടുക്കാൻ കഴിയണം. സ്വന്തം വികാരങ്ങളുടെയും ജീവിതത്തിന്റെയും ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ കുട്ടിയെ പ്രാപ്തനാക്കണം. സാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് ഇണങ്ങിപ്പോകുവാനുള്ള വിദ്യാർഥിയുടെ കഴിവിനെക്കുറിച്ച് അവനെ ബോധവാനാക്കണം. ഇതിനുള്ള പരിശീലനം ലഭിച്ച ആളാണ് യഥാർത്ഥ കൗൺസലർ.

ഒരു വിദ്യാർത്ഥിക്ക് മനസ്സ് തുറന്ന് സംസാരിക്കാനും അതിലൂടെ സ്വന്തം പ്രശ്നങ്ങളും മനോവിഷമങ്ങളും ഒക്കെ വിശ്വാസമുള്ള ഒരാളോട് പങ്കുവെക്കുവാനും അയാളുടെ സഹായത്തോടെ പ്രശ്നപരിഹാരത്തിനുള്ള കഴിവു സ്വയം ആർജ്ജിച്ച് എടുക്കുവാനും കഴിയുക എന്നതാണ് വിദ്യാഭ്യാസ കൗൺസിലിംഗ് കൊണ്ടുള്ള ഗുണം. ●



ഡേവിഡ് വിൽക്കേഴ്സൺ

# ദൈവമേ ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ

പുതിയനിയമ സത്യങ്ങളുടെ നിഴലുകളും ആദർശങ്ങളും കൊണ്ട് നിറഞ്ഞതാണ് പഴയനിയമം. പുതിയനിയമ സത്യങ്ങളിൽ ചിലതു മനസിലാക്കുവാൻ ദുഷ്ക്കരമെന്നു തോന്നുമ്പോൾ പഴയനിയമത്തിലെ അതിന്റെ നിഴലായ അനുഭവത്തിലേക്ക് ഞാൻ തിരിയാറുണ്ട്. പുതിയനിയമ വിശ്വാസികൾക്ക് പ്രയോജനപ്പെടാത്ത ഏതെങ്കിലും ഒരു സംഭവകഥയോ നിഴലായ അനുഭവമോ പഴയനിയമത്തിൽ ഇല്ല എന്നതാണ് സത്യം.

സ്വഭാവ ഗുണങ്ങളെക്കുറിച്ചും വ്യക്തിഗത വൈശിഷ്ട്യങ്ങളെക്കുറിച്ചും വീഴ്ചകളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും പഠിക്കുവാൻ മതിയായ കഥാപാത്രങ്ങൾ പഴയനിയമത്തിലുടനീളം കാണാം. എരിയുന്ന മുൾപ്പടർപ്പുഭാഗത്ത് മോശെയ്ക്കുണ്ടായ അനുഭവങ്ങൾ വിവരിക്കുന്നത് ഒരു ഉത്തമ ഉദാഹരണമാണ്. ഈ അനുഭവങ്ങൾ ആഴത്തിൽ ആരായുന്നത് വിശുദ്ധിയെക്കുറിക്കുന്ന അസാമാന്യ ഉൾക്കാഴ്ച പകരുവാൻ പര്യാപ്തമാണ്.

ദൈവത്തിന്റെ ദൃഷ്ടിയിൽ നാം എപ്രകാരം വിശുദ്ധരാകേണ്ടതിനാണ് സൃഷ്ടിക്കപ്പെട്ടത് എന്ന് നമുക്ക് നമ്മെത്തന്നെ ശോധന ചെയ്യാം. നിങ്ങളെ തിരഞ്ഞെടുത്ത ദൈവം വിശുദ്ധനാകയാൽ നിങ്ങളും സകല പ്രവർത്തികളിലും വിശുദ്ധിയുള്ളവരാകുക. ഞാൻ വിശുദ്ധൻ ആകുകയാൽ നിങ്ങളും വിശുദ്ധരായിരിക്കുക (1 പത്രോസ് 1: 15,16) എന്ന് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ദൈവം വിശുദ്ധനായിരിക്കുന്നതു പോലെ നാമും വിശുദ്ധരാകേണം എന്നത് ഒരിക്കലായി സ്ഥിരപ്പെടുത്തി രേഖപ്പെടുത്തപ്പെട്ട ദൈവീക വ്യവസ്ഥയാണ്. ദൈവതിരുമുൻപാകെ നാം വിശുദ്ധരും കുറ്റമറ്റവരുമായിരിക്കാൻ വേണ്ടി ലോകസ്ഥാപനത്തിനു മുൻപുതന്നെ ദൈവം നമ്മെ സ്നേഹപൂർവ്വം യേശുക്രിസ്തുവിൽ തിരഞ്ഞെടുത്തു. ഈ ചിന്തയായിരിക്കണം നമ്മുടെ കേന്ദ്രബിന്ദു. നാം വിശുദ്ധിയുടെയും നിഷ്കളങ്കതയുടെയും അനുഭവം പ്രാപിക്കേണ്ടതിനു ബദ്ധശ്രദ്ധരായിരിക്കേണം. ദൈവത്തിന്റെ സഭ ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധജനവുമായിരിക്കുവാൻ

**ദൈവതിരുമുൻപാകെ നാം വിശുദ്ധരും കുറ്റമറ്റവരുമായിരിക്കാൻ വേണ്ടി ലോകസ്ഥാപനത്തിനു മുൻപുതന്നെ ദൈവം നമ്മെ സ്നേഹപൂർവ്വം യേശുക്രിസ്തുവിൽ തിരഞ്ഞെടുത്തു. ഈ ചിന്തയായിരിക്കണം നമ്മുടെ കേന്ദ്രബിന്ദു**

ദൈവം വിളിച്ചിരിക്കുന്നവരുടെ കൂട്ടമാണ്. ഒരുവൻ ക്രിസ്തുവിലായിരിക്കുന്നു എങ്കിൽ അവൻ വിശുദ്ധനാകുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്.

ദൈവം നമ്മെ മലിനത നിറഞ്ഞ ജീവിതത്തിനല്ല, മറിച്ച് വിശുദ്ധ ജീവിതം നയിക്കാനാണ് വിളിച്ചിരിക്കുന്നത് (1 തെസ്സലോനികൃർ 4:7). ദൈവം നമ്മെ കേവലം രക്ഷയുടെ അനുഭവത്തിലേക്കോ, പാപക്ഷമ പ്രാപിച്ച് സ്വർഗ്ഗ പ്രാപ്തിയിലേക്കോ മാത്രമല്ല വിളിച്ചിരിക്കുന്നത്. തന്റെ പരമവിളി ദൈവം വിശുദ്ധനായിരിക്കുന്നതു പോലെ നാമും വിശുദ്ധരായിത്തീരണം എന്ന ലക്ഷ്യത്തോടെയാണ്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഓരോ വിശ്വാസിയും വിളിക്കപ്പെട്ടിരിക്കുന്നതു, ക്രിസ്തു നിർമ്മലനായിരിക്കുന്നതു പോലെ ഓരോരുത്തരും വിശുദ്ധരും നിഷ്കളങ്കരും ആയി തിരുസന്നിധിയിൽ കാണപ്പെടേണ്ടതിനാണ്. താങ്കൾ വാസ്തവമായി വീണ്ടും ജനിച്ചവനാണെങ്കിൽ താങ്കളുടെ ഹൃദയത്തിൽ വിശുദ്ധിക്ക് വേണ്ടിയുള്ള ഒരു വലിയ ഞരക്കവും നിലവിളിയും ഉണ്ടായിരിക്കും. ആ നിലവിളി, പിതാവേ അങ്ങയുടെ തിരുമുൻപാകെ യേശുവിനെ പോലെ, എന്റെ ജീവിതത്തിന്റെ ഓരോ ദിനവും വിശുദ്ധിയിൽ നടക്കേണ്ടതിനു യേശു എന്നിൽ ജീവിക്കണമേ; യേശു എങ്ങനെ ചിന്തിക്കുമോ, പ്രതികരിക്കുമോ അങ്ങനെ തന്നെ ആയിരിക്കുവാൻ തക്കവണ്ണം ഞാനല്ല യേശു എന്നിൽ ജീവിക്കണമേ. എന്റെ സ്വന്ത പ്രാപ്തിക്കനുസരിച്ചു ഇതെനിക്ക് അസാധ്യമാണ്, എങ്കിലും കൃപയാലും അങ്ങയിലുള്ള വിശ്വാസത്താലും ഈ പ്രാപ്തി അവിടുന്ന് ദാനമായി നൽകേണമേ.

ഈ ഭാഗം താങ്കൾ വായിക്കുമ്പോൾ പരിഭ്രമത്തോടെ ഇപ്രകാരം ചോദിക്കുവാൻ സാധ്യതയുണ്ട്: എന്ത്? യേശു എപ്രകാരം വിശുദ്ധനായിരുന്നുവോ അപ്രകാരം ഞാനും ആയിരിക്കേണമെന്നോ? അസാധ്യം! എന്തുകൊണ്ടെന്നാൽ യേശു, കറയറ്റ, കളങ്കരഹിതമായ, സമ്പൂർണ്ണവിശുദ്ധിയുടെ അവസ്ഥയിലാണ് ജീവിച്ചത്. അങ്ങനെ ഏതെങ്കിലും മനുഷ്യന് ജീവിക്കുവാൻ സാധിക്കുമോ. അതുകൂടാതെ ദൈവം വിശുദ്ധനായിരിക്കുന്നതുപോലെ ആരും വിശുദ്ധനല്ല എന്ന് ബൈബിൾ പറയുന്നില്ലയോ? ദൈവത്തിന്റെ വിശുദ്ധിയുടെ നിലവാരത്തിലേക്ക് മനുഷ്യൻ എത്തുക അസാധ്യം എന്ന് ബോധ്യം വരുത്തുക എന്നതായിരുന്നു ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം തന്നെ. നമ്മുടെ ഏതു തരത്തിലുള്ള ഇച്ഛാശക്തിക്കോ കഴിവിനൊ പ്രാപ്തിക്കോ ശക്തിക്കോ നമ്മെ വിശുദ്ധരാക്കുക പ്രയാസമാണ്.

**താങ്കൾ വാസ്തവമായി വീണ്ടും ജനിച്ചവനാണെങ്കിൽ താങ്കളുടെ ഹൃദയത്തിൽ വിശുദ്ധിക്ക് വേണ്ടിയുള്ള ഒരു വലിയ ഞരക്കവും നിലവിളിയും ഉണ്ടായിരിക്കും. ആ നിലവിളി, പിതാവേ അങ്ങയുടെ തിരുമുൻപാകെ യേശുവിനെ പോലെ, ഓരോ ദിനവും വിശുദ്ധിയിൽ നടക്കേണ്ടതിനു യേശു എന്നിൽ ജീവിക്കണമേ**

ആകയാൽ, ദൈവത്തിന്റെ നിലവാരത്തിലുള്ള വിശുദ്ധി പ്രാപിക്കുക അസാധ്യമെങ്കിൽ, അത് പ്രാപിക്കുന്നതിനുള്ള ഒരേയൊരു വഴി: നാം ക്രിസ്തുവിലായിരിക്കുകയും അവിടുത്തെ വിശുദ്ധി നമ്മുടെ വിശുദ്ധിയായി മാറുവാൻ നമ്മെ സമർപ്പിച്ചു നമ്മുടെ ഹൃദയത്തിലെ സിംഹാസനത്തിൽ ക്രിസ്തുവിനെ ഉപവിഷ്ടനാക്കുകയും, നാം അവിടുത്തെ പാദപീഠത്തിൽ ഇരിക്കുകയും ചെയ്യുക എന്നതു മാത്രമാണ്. നാം ആ സിംഹാസനത്തിൽ ഇരുന്നു വാഴാതെ ക്രിസ്തു നമ്മിൽ വാഴുവാൻ സമർപ്പിച്ചാൽ ക്രമാനുഗതമായി വിശുദ്ധിയുടെ ഉന്നത നിലവാരത്തിലേക്ക് വളരുവാൻ സഹായം ലഭിക്കുകയും കൃപയാൽ പടിപടിയായി അത് സാധ്യമാവുകയും ചെയ്യും.

**ക്രിസ്തുവിന്റെ വിശുദ്ധി നമ്മിലേക്ക്**

... വേര് വിശുദ്ധമെങ്കിൽ ശാഖകളും അങ്ങനെ ആയിരിക്കും (റോമർ 11: 16). ഒലിവുമരത്തിന്റെ ചില ശാഖകൾ മുറിച്ചുകളഞ്ഞിട്ടു കാട്ടൊലിവിന്റെ ചില്ലയായ നിന്നെ ഒലിവു മരത്തിന്റെ സമ്പന്നതയിൽ ഭാഗഭാക്കാകാൻ അതിലൊട്ടിക്കുന്നു എങ്കിൽ നീ ആ ശാഖകളോട് വമ്പു കാട്ടരുത്. ഓർമിക്കുക, നീ വേരുകളെയല്ല, വേരുകൾ നിന്നെയത്രേ താങ്ങി നിർത്തുന്നത്. ഇവിടെ പൗലോസ് പറയുന്നത് വേരാകുന്ന ക്രിസ്തു വിശുദ്ധനാകയാൽ ശാഖകളാകുന്ന നാമും വിശുദ്ധർ തന്നെയാണെന്നാണ്. യോഹന്നാൻ എഴുതുന്നു; ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു... (യോഹന്നാൻ 15:5). വേറൊരു വിധത്തിൽ പറഞ്ഞാൽ നാം ക്രിസ്തുവിൽ ആകയാൽ തത്ഫലമായി ആ അടിസ്ഥാനത്തിന്റെ ബലത്തിന്മേൽ നാം വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. യേശുക്രിസ്തു എന്ന ഏകമനുഷ്യനെ മാത്രമാണ് വിശുദ്ധിയിൽ ദൈവം അംഗീകരിച്ചിരിക്കുന്നതു എന്നത് യാഥാർഥ്യമാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ, ചരിത്രത്തിൽ ഉടനീളം

മനുഷ്യന്റെ പ്രതിനിധിയായി രണ്ടു വ്യക്തികളെ മാത്രമാണ് കാണുന്നത്. ഒന്നാമത് അക്ഷരീക ആദം. രണ്ടാമത്, യേശുക്രിസ്തുവാകുന്ന രണ്ടാം ആദം. മാനവകുലം മുഴുവനും ഒന്നാം ആദമിൽ പാപത്താൽ ചുറ്റപ്പെട്ടിരുന്നു. അവൻ പാപം ചെയ്തപ്പോൾ അവനിൽ നാമെല്ലാവരും പാപികളായിത്തീർന്നു. അപ്പോൾ യേശു ഒരു പുതിയ മനുഷ്യനായി കടന്നു വന്നു. ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ പാപികൾക്ക്, ദൈവത്തോട് നിരപ്പ് പ്രാപിച്ച് ക്രിസ്തുവിലൂടെ ദൈവത്തോട് അടുത്തുവരുവാൻ ഒരു വഴി തുറന്നു. അങ്ങനെ ക്രിസ്തു വിശുദ്ധനാകയാൽ നാമും ക്രിസ്തുവിൽ വിശുദ്ധരായിത്തീരുന്നു.

ക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പ് കൂടാതെ ആർക്കും വിശുദ്ധിയിലേക്ക് വരുവാൻ കഴിയുകയില്ല. എത്ര ദീർഘകാലം നാം ജീവിക്കുന്നു എന്നതിനാലോ, എത്ര തീവ്രമായി പരിശ്രമിക്കുന്നു എന്നതിനാലോ, എത്രമാത്രം പ്രാർത്ഥിക്കുന്നു എന്നതിനാലോ, എല്ലായ്പ്പോഴും നാം തിരുവെഴുത്തുകൾ വായിക്കുന്നു എന്നതിനാലോ, ജഡത്തിന്റെ മോഹങ്ങളെ പിടിച്ചടക്കി എന്നതിനാലോ, എന്തു തന്നെ ആയാലും നാം ഒരിക്കലും വിശുദ്ധിയിൽ സമ്പൂർണ്ണരാകുന്നില്ല. ഒന്നിൽ തെറ്റിയാൽ സകലത്തിലും തെറ്റിപ്പോകുന്നു എന്ന് തിരുവെഴുത്തു വെളിപ്പെടുത്തുന്നു. ഇക്കാരണത്താൽ സമ്പൂർണ വിശുദ്ധിയിൽ എത്തുക അസാധ്യം. സമ്പൂർണ്ണ വിശുദ്ധിയിൽ കാണപ്പെടുന്നത് യേശു മാത്രമാണ്. ആകയാൽ ഏതെങ്കിലും വ്യക്തി സ്വർഗീയ പിതാവിന്റെ തിരുമുൻപാകെ നിൽക്കുകയും പിതാവിനാൽ അംഗീകരിക്കപ്പെടുകയും ചെയ്യണമെങ്കിൽ ആ വ്യക്തി ക്രിസ്തുവിലായിരിക്കണം. പാപത്തിൽ മരിച്ച നമ്മിലെ പഴയ മനുഷ്യനെ തിരിച്ചറിയാതെ ക്രിസ്തുവിലായിത്തീർന്ന മനുഷ്യനായി നമ്മെ തിരിച്ചറിയുന്നതിനാൽ, നാം ദൈവത്തോട് അങ്ങേയറ്റം നന്ദിയുള്ളവരായിരിക്കണം. കാരണം, നമുക്ക് സ്വന്തമായ അർഹതയാലോ, അവകാശത്താലോ അല്ല ക്രിസ്തുവിൽ കൃപയാലുള്ള വിശ്വാസത്താൽ മാത്രമേ പിതാവിന്റ മുൻപാകെ വിശുദ്ധിയിൽ നാം അംഗീകരിക്കപ്പെടുകയുള്ളു. ക്രിസ്തു നമ്മെ ആവരണം ചെയ്യുമ്പോൾ നമ്മെ അല്ല, മറിച്ചു ക്രിസ്തുവിനെയാണ് പിതാവ് കാണുന്നത്.

പിതാവേ, ക്രിസ്തുവിൽ ഞാൻ കൃപയാൽ ആയിത്തീർന്നു എന്നതല്ലാതെ എനിക്ക് മറ്റൊരു അവകാശവാദവുമില്ല. തിരുസന്നിധിയിലേക്കു കൊണ്ടുവരുവാൻ എന്റേതായ സൽപ്രവൃത്തികളോ, എന്റെ സ്വന്തമായ വിശുദ്ധിയോ ഒന്നും എനിക്കില്ല. ക്രിസ്തുവിൽ ആയിരിക്കുന്നു എന്നതിനാൽ മാത്രമാണ് ഞാൻ അവിടുത്തെ തിരുസന്നിധിയിലേക്കു കടന്നു വരുന്നത്. ക്രിസ്തുവിന്റെ വിശുദ്ധിയല്ലാതെ മറ്റൊന്ന് അവകാശപ്പെടുവാൻ എനിക്കില്ല. ഞാൻ ക്രിസ്തുവിലാകയാൽ ശിക്ഷയ്ക്കു വിധിക്കപ്പെടാത്തവനായി തിരുമുൻപാകെ നിൽക്കുന്നു എന്നതായിരിക്കണം ഏതു സമയത്തും പിതാവിന്റെ സന്നിധിയിൽ നമ്മുടെ പ്രാർത്ഥന. •

# വാളേ.... ഇടയനെ വെട്ടുക

(ഉൽപ്പത്തി 3:24, സഖര്യാവ് 13:7)

വീഴ്ചക്കു ശേഷം കൈനീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചു തിന്ന് മനുഷ്യൻ എന്നേക്കും വീണ അവസ്ഥയിൽ ജീവിപ്പാൻ സംഗതി വരരുത് എന്ന് കരുതി അവന്റെ നന്മയ്ക്കു വേണ്ടിയാണ് അവനെ ഏദെൻ തോട്ടത്തിൽ നിന്ന് പുറത്താക്കിയത്. പ്രവേശനകവാടം കാക്കുന്നതിന്, അതായത് ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാക്കുവാൻ ഏദെൻതോട്ടത്തിന് കിഴക്ക് കെരൂബുകളെ, തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി. നല്ലയിടയനായ യേശുവിന് ആ വാളിന്റെ വെട്ടുകൊള്ളാതെ തന്റെ പിന്നാലെയുള്ള ആടുകളെ ജീവന്റെ വഴിയിലേക്ക് ആനയിക്കുവാൻ സാധ്യമല്ല. അതാണ് ക്രിസ്തു കുരിശിൽ തകർക്കപ്പെട്ടതിന്റെ പൊരുൾ. കാലത്തികവിങ്കൽ ഇടയൻ വെട്ടുകൊള്ളുകയും തദ്വാരാ നിത്യജീവന്നായ് നിയമിക്കപ്പെട്ടവർ ജീവങ്കലേക്ക് കടന്നു തുടങ്ങുകയും ചെയ്തു. (യോഹന്നാൻ 5:24) ഇന്നത്തെ സൈനീക ശാസ്ത്രത്തിൽ സൈന്യാധിപൻ പിന്നണിയിൽ നിന്ന് നയിക്കുന്നതുപോലെയല്ല, പൂർവ്വകാല യുദ്ധങ്ങളിൽ സൈന്യാധിപൻ മുന്നണിയിൽ നിന്ന് യുദ്ധം നയിച്ചിരുന്നതുപോലെയാണ് ക്രിസ്തു നമ്മുടെ സേനാനായകനായിരുക്കുന്നത്.

ജെ.കെ

# ക്രിസ്തുവിന്റെ കാലത്തെ കനാൻ നാട്

**കേ**രളത്തോട് വളരെ രൂപസാദൃശ്യമുള്ളതാണ് കനാൻനാട് എന്നറിയപ്പെടുന്ന പാലസ്തീൻ നാട്. കേരളത്തിന്റെതെന്നപോലെ ഇതിന്റെയും ഭൂപ്രകൃതി മലനാട്, ഇടനാട്, തീരപ്രദേശം (High range, low range, coastal land) എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്. കേരളത്തിന്റെ പടിഞ്ഞാറുവശത്ത് അറബിക്കടൽ എന്നപോലെതന്നെ പാലസ്തീൻ നാടിന്റെ പടിഞ്ഞാറുവശത്ത് മദ്ധ്യധരണ്യാഴി (Mediterranean sea) എന്ന മഹാസമുദ്രം സ്ഥിതിചെയ്യുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് നാട്ടുരാജ്യങ്ങൾ ചേർന്നതായിരുന്നു കേരളം എന്നതുപോലെ, യഹൂദ്യ, ശമര്യ, ഗലീല എന്നിങ്ങനെ മൂന്ന് പ്രവിശ്യകൾ ചേർന്നതായിരുന്നു കനാൻ. ബൈബിളിന്റെ അവസാന പേജുകളിൽ കൊടുത്തിരിക്കുന്ന കനാൻനാടിന്റെ ഭൂപടം ശ്രദ്ധിച്ചാൽ ഈ വിവരണങ്ങൾ മനസ്സിലാക്കുവാൻ എളുപ്പം ആയിരിക്കും.

ഇവിടത്തെ ആദിമനിവാസികൾ നോഹയുടെ പുത്രനായ ഹാമിന്റെ പുത്രൻ കനാന്റെ സന്തതികളായിരുന്നതിനാൽ (ഉൽപ്പത്തി 10:6,18–20) ഇതിന് കനാൻ ദേശം എന്ന് പേരായി. പിൽക്കാലത്ത് ഈ രാജ്യം വളരെക്കാലം ഫെലിസ്ത്യരുടെ ആധിപത്യത്തിലായിരുന്നതിനാൽ പാലസ്തീൻ നാട് എന്നും അറിയപ്പെട്ടു. കനാൻനാടിന്റെ പടിഞ്ഞാറ് വശത്ത് മെഡിറ്ററേനിയൻ കടൽ സ്ഥിതിചെയ്യുന്നു. കിഴക്ക് ഭാഗത്ത് യോർദ്ദാൻ നദി തെക്കുവടക്കായി (ഭൂപടത്തിൽ മുകളിൽ നിന്ന് താഴേക്ക്) ഒഴുകുന്നു. വടക്ക് ഹെർമോൻ മലനിരകളിൽ ഉത്ഭവിച്ച് ഏതാനും കിലോമീറ്ററുകൾ ഒഴുകി 'മെരോം' എന്ന തടാകത്തിൽ പതിക്കുന്നു. മെരോം തടാകത്തിന് ഏകദേശം നാലുമൈൽ നീളവും  ഏറ്റവും കൂടിയ വീതി മൂന്നര മൈലും ആകുന്നു. യോശുവ 11:5 ൽ ഈ തടാകത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

മെരോം തടാകത്തിൽ നിന്ന് വീണ്ടും തുടർന്ന് ഒഴുകുന്ന യോർദ്ദാൻ കുറെ ദൂരം ഒഴുകി 'ഗലീലക്കടലിൽ' വന്നു പതിക്കുന്നു. ഗലീല കടലിന്റെ പടിഞ്ഞാറെ തീരത്ത് വടക്കുമാറി ഗന്നെസരേത്ത് പട്ടണം സ്ഥിതിചെയ്തിരുന്നതിനാൽ ഗന്നെസരേത്ത് തടാകം (ലൂക്കോസ് 5:1) എന്നും പടിഞ്ഞാറെ തീരത്തുതന്നെ തെക്കുമാറി തിബര്യാസ് പട്ടണം സ്ഥിതിചെയ്തിരുന്നതിനാൽ തിബര്യാസ് കടൽ (യോഹന്നാൻ 6:1) എന്നും ഇതിന് പേരുണ്ടായി. ഈ രണ്ടു പട്ടണങ്ങളും, തടാകവും ഗലീല പ്രവിശ്യയിലായിരുന്നതിനാൽ ഗലീല കടൽ എന്നും പേരുണ്ടായിരുന്നു. മൂന്ന് പേരുകളിൽ അറിയപ്പെട്ടിരുന്നു എങ്കിലും അത് ഒന്നു തന്നെയായിരുന്നു. പന്ത്രണ്ടു മൈൽ നീളമുള്ള ഇതിന്റെ ഏറ്റവും കൂടിയ വീതി എട്ട് മൈൽ ആയിരുന്നു. ഈ ശുദ്ധജല തടാകത്തിലെ മത്സ്യസമ്പത്ത് വളരെയായിരുന്നു.

യോഹന്നാൻ 4:3 ൽ യേശു യഹൂദ്യയിൽ നിന്ന് ശമര്യവഴി ഗലീലയ്ക്ക് യാത്രചെയ്തതിനെക്കുറിച്ച് വായിക്കുന്നു. ശമര്യരുമായി സമ്പർക്കമില്ലാതിരുന്ന യഹൂദ്യർ ശമര്യ ഒഴിവാക്കി യോർദ്ദാൻ കടന്ന് കൂടുതൽ ദൂരം സഞ്ചരിച്ചാണ് ഗലീലയ്ക്ക് യാത്ര ചെയ്തിരുന്നത്. തെക്കൻ പ്രവിശ്യയായ യഹൂദ്യയിൽ നിന്ന് മധ്യഭാഗത്ത് സ്ഥിതിചെയ്തിരുന്ന ശമര്യവഴിയാണ് യേശു വടക്കൻ പ്രവിശ്യയായ ഗലീലയിലേക്ക് യാത്ര ചെയ്തത്. ശമര്യയിലൂടെയാണ് ദൂരം കുറഞ്ഞ വഴി.

ഗലീല കടലിൽ നിന്നും യോർദ്ദാൻ നദി വീണ്ടും വളരെ ദൂരം ഒഴുകി 'ചാവുകടലിൽ' പതിക്കുന്നു. ചാവുകടലിന് ഉപ്പുകടലെന്നും പേരുണ്ട്. ഏകദേശം 70 കി.മീ. നീളമുള്ള ഇതിന്റെ ഏറ്റവും കൂടിയ വീതി 17 കി.മീ ആണ്. വീതീ ഏറിയും കുറഞ്ഞും കാണപ്പെടുന്നു. ചാവുകടലിൽ ഉപ്പിന്റെ സാന്ദ്രത അനേക മടങ്ങ് കൂടുതലായതിനാൽ യാതൊരു ജീവികൾക്കും ഇതിൽ വളരുവാൻ കഴികയില്ല. അതുകൊണ്ടാണ് ചാവുകടൽ എന്ന് പറയുന്നത്. സോദോം, ഗൊമൊറ, അദ്മ, സെബോയീം എന്നീ പട്ടണങ്ങൾ (ആവർത്തനം 29:22) ആകാശത്തിൽ നിന്നും ഉപ്പും ഗന്ധകവും വർഷിച്ച് കത്തി നശിച്ചയിടമാണ് ചാവുകടലായി മാറിയത്. ദൈവകോപത്തിന്റെയും ന്യായവിധിയുടെയും നിഴലായി ഇത് ഇന്നും നിലനിൽക്കുന്നു. അനവധി ധാതുലവണങ്ങൾ ധാരാളമായി ചാവുകടലിന് അടിയിൽ ഉണ്ടെന്ന് ഭൂഗർഭ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. •



ചെയ്സ് ജോസഫ്

# മക്കളുടെ അവകാശങ്ങൾ

റോമാ ലേഖനത്തിന്റെ എട്ടാം അധ്യായം പന്ത്രണ്ടു മുതൽ ഉള്ള വാക്യങ്ങൾ മക്കൾ എങ്ങനെ ജീവിക്കണം എന്നും അവർക്കു ലഭിക്കുന്ന അവകാശങ്ങളും വാഗ്ദത്തങ്ങളും എന്തൊക്കെ ആണെന്നും കാണിച്ചു തരുന്നു.

വാക്യം 12 പറയുന്നു: ഇനി നാം ജഡത്തെ അനുസരിച്ചു നടന്നു കൂടാ. ജഡത്തോട് നമുക്ക് ഒരു കടപ്പാടും ഇല്ല. എന്താണ് നമ്മെ മരണത്തിലേക്ക് നയിക്കുന്ന ആ ജഡത്താൽ ഉള്ള ജീവിതം. നാം പെട്ടെന്ന് ആലോചിക്കുമ്പോൾ ലോകത്തിലെ രസങ്ങൾ നുകർന്ന് ജീവിക്കുന്നതാണ് അത് എന്നാണ് മനസ്സിലാകുന്നത്. എന്നാൽ ഇത് വരെ റോമാ ലേഖനത്തിൽ നാം മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ, അധമ പാപങ്ങളിൽ രസിച്ചു സ്വന്ത സുഖം നോക്കി ജീവിക്കുന്നത് മാത്രമല്ല ജഡത്താൽ ഉള്ള ജീവിതം. നാം മുൻപ് കണ്ടത് പോലെ ജഡത്തിന്റെ പ്രവൃത്തികളിൽ മനുഷ്യന്റെ നന്മയും തിന്മയും ഉണ്ട്. അവന്റെ നീതിവ്യവസ്ഥ ഉണ്ട്. മനുഷ്യന്റെ രാജ്യവും മഹത്വവും സ്ഥാപിക്കാൻ ഉള്ള പരിശ്രമങ്ങൾ ആണ് ജഡത്താലുള്ള ജീവിതത്തിന്റെ തായ് വേര്. ഏറ്റവും നല്ലവർ ആകാൻ വേണ്ടി ശരീരത്തിന്റെ ആഗ്രഹങ്ങളോട് യുദ്ധം ചെയ്തു ഒട്ടൊക്കെ വിജയം വരിച്ചിരുന്ന പരീശരും ശാസ്ത്രിമാരും ആണ് യേശുവിനെ ക്രൂശിക്കാൻ ആർത്തു വിളിച്ചത്. മനുഷ്യരുടെ അംഗീകാരവും ആദരവും നേടിയെടുക്കാൻ ഈ ജഡത്തിന് കഴിയും. ജഡത്തോട് കടപ്പെട്ടു ജീവിച്ചാൽ ഒന്നുകിൽ നമ്മൾ ശരീരത്തിന് വഴങ്ങി അധമപാപങ്ങൾക്ക് അടിമപ്പെട്ടു പോകും. അല്ലെങ്കിൽ മനുഷ്യ വ്യവസ്ഥയിൽ കുരുങ്ങി സ്വയനീതിക്കാർ ആയി ദൈവത്തിന്റെ നീതിയെ മറിച്ചുകളയുന്നവർ ആയി മാറും. അവർക്കു ജീവൻ പ്രാപിക്കാൻ കഴിയുകയില്ല. അവർ തീർച്ചയായും മരണത്തിലേക്ക് ആണ് പോകുന്നത്.

ഇത് വരെയും റോമാലേഖനത്തിൽ നാം ചിന്തിച്ചു കൊണ്ടിരുന്ന തത്വങ്ങൾ അനുസരിച്ചു നോക്കിയാൽ, രണ്ടു പ്രമാണങ്ങളിൽ ഒന്ന് ജീവന്റെ ആത്മാവിന്റെ പ്രമാണവും മറ്റൊന്ന് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണവും ആണ്. ജീവന്റെ ആത്മാവിൽ ജീവിക്കാത്തതു എല്ലാം ജഡം തന്നെ ആണ്. അവർ എത്ര നല്ലവർ ആയാലും. ന്യായപ്രമാണത്തിൽ സ്വയം നീതീകരിക്കപ്പെടാൻ പരിശ്രമിക്കുന്നവർ ജഡത്തിന്റെ പ്രമാണത്തിലേക്കു മടങ്ങുകയാണ്. പാപം ചെയ്തു എന്ന് ഒരാൾ മനസ്സിലാക്കുമ്പോൾ അത് ജഡത്തിന്റെ കടം ആയി കണ്ടു അതിനെ പരിഹരിക്കാൻ ജഡത്തെ തന്നെ ഉപയോഗിച്ച് നല്ലവർ ആകാൻ ആണ് മനുഷ്യർ എന്നും പരിശ്രമിക്കുന്നത്. പക്ഷെ ആ പരിശ്രമങ്ങൾ നമുക്ക് ജീവൻ നൽകുകയില്ല.

ജീവിക്കണമെങ്കിൽ ജഡത്തിന്റെ പാപപ്രവർത്തികൾക്ക് മാത്രമല്ല, നിഷ്ഫല പ്രവർത്തികൾക്കും നാം മരിക്കേണ്ടതാണ്. ആത്മാവിനാൽ സാധിക്കുന്നത് ഈ മരണം ആണ്. അത് ജഡത്തിന്റെ എല്ലാത്തരം പ്രവൃത്തികളെയും മരിപ്പിച്ച് നമ്മെ ജീവനിലേക്കു പ്രവേശിപ്പിക്കുന്നു. അങ്ങനെ ജഡത്തിന്റെ പ്രവൃത്തികളിൽ നിന്ന് രക്ഷ പ്രാപിച്ചു ആത്മാവിന്റെ ജീവന്റെ പ്രമാണത്തിലേക്കു കടന്നവർ എല്ലാം പുത്രത്വത്തിന്റെ ആത്മാവിനാൽ മക്കൾ ആയി മാറുകയാണ് ചെയ്യുന്നത്. ജഡത്തിന്റെ പ്രവൃത്തികൾ ദാസ്യത്വത്തിന്റെ പ്രവർത്തികൾ ആണ്. എന്നാൽ മക്കൾ അനുസരിക്കുന്നത് അവകാശികൾ

ആയതു കൊണ്ടാണ്. അവർ ഭയപ്പെട്ടല്ല അനുസരിക്കുന്നത്, പിന്നെയോ അവകാശങ്ങളിലേക്കു ഉറ്റുനോക്കി, പുത്രത്വത്തിന്റെ അധികാരത്തിൽ ആണ്. അത് ആത്മാവിനാൽ മാത്രം സാധിക്കുന്നതാണ്. എന്താണ് മക്കളുടെ അവകാശങ്ങൾ? വാക്യം 17 മുതൽ... നമ്മിൽ പലരും അവകാശങ്ങൾ ചോദിച്ചു വാങ്ങിക്കുന്നവർ ആണ്. അത് പലപ്പോഴും അവകാശങ്ങൾ പൂർണ്ണമായും മനസ്സിലാക്കാത്തതു കൊണ്ടാണ്. നാം മിക്കപ്പോഴും ചിന്തിക്കുന്നത് ഈ ലോകത്തു നാം അവകാശികളായി ജീവിക്കണം എന്നതാണ്. എന്നാൽ ഇവിടെ അവകാശങ്ങൾ വളരെ വ്യക്തമായി നിർവ്വചിക്കപ്പെട്ടിരിക്കുന്നു. അത് ദൈവം എന്ന അവകാശം ആണ്. നാം ദൈവത്തിന്റെ അവകാശികൾ ആണ്. ദൈവം നമ്മുടെ സ്വന്തമാണ്. ദൈവം നമ്മുടെ പിതാവാണ്. നാം ദൈവത്തിനു മക്കൾ ആയിരിക്കുന്നതു പോലെ ദൈവം നമുക്ക് പിതാവായി നമ്മെ ഒരിക്കലും കൈവിടാതെ നമ്മോടു കൂടെ വസിക്കുന്നു.

അതുകൊണ്ട്, മതം അല്ലെങ്കിൽ മത നിയമങ്ങൾ ഉളവാക്കുന്ന ഭയത്തിൽ നിന്നല്ല, ആത്മാവിന്റെ ജീവനാൽ നമുക്ക് ലഭിക്കുന്ന പുത്രത്വത്താൽ ആണ് പുതിയനിയമം നമ്മിൽ നിറവേറ്റപ്പെടുന്നത്. അബ്ബാ പിതാവേ എന്ന് ധൈര്യമായി സ്രഷ്ടാവായ ദൈവത്തെ വിളിക്കാൻ നമ്മെ സഹായിക്കുന്നത് നാം പ്രാപിച്ച പുത്രത്വത്തിന്റെ ആത്മാവിനാൽ ആണ്. ഈ പുത്രത്വം കൊണ്ട് എന്താണ് ലഭിക്കുന്നത്. നാം നമ്മുടെ മക്കൾക്ക് കൊടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അവകാശം എന്താണ്? ഏറ്റവും മഹത്തായ കാര്യം, അവർക്കു ഒരു പിതാവ് ഉണ്ടെന്നുള്ളതാണ്. അങ്ങനെ ആണ് ദൈവം നമുക്ക് അവകാശം ആയി മാറുന്നത്. ദൈവം നമ്മുടെ അവകാശവും അതിമഹത്തായ പ്രതിഫലവും ആണ്.

ഈ അവകാശത്തിനു ഒരു പ്രത്യേകത കൂടി ഉണ്ട്. അത് യേശുക്രിസ്തുവിനോട് കൂടെ കൂട്ടവകാശം ആണ്. അതിന്റെ അർഥം, ക്രിസ്തുവിനോട് കൂടെ അല്ലാതെ നമുക്ക് ഒരു അവകാശവും ഇല്ല എന്നാണ്. നാം ഒറ്റയ്ക്ക് ഒന്നും പ്രാപിക്കുന്നില്ല. എല്ലാം ക്രിസ്തുയേശുവിലൂടെയാണ് നമുക്കു നൽകപ്പെടുന്നത്. ഇത് പലപ്പോഴും ജഡത്തിൽ ജീവിക്കുന്ന മനുഷ്യനെ സന്തോഷിപ്പിക്കുന്നില്ല. ജഡത്തിൽ ജീവിക്കുന്ന മനുഷ്യന് അവകാശമായി വേണ്ടത് സ്വർഗീയ അനുഗ്രഹങ്ങൾ അല്ല, പിന്നെയോ മനുഷ്യന്റെ ലൗകിക ആവശ്യങ്ങൾ ലഭിക്കുക എന്ന അനുഗ്രഹങ്ങൾ ആണ്. ദൈവത്തിന്റെ പുത്രൻ എന്ന ആത്മാവിന്റെ ദത്ത് ലഭിച്ചിട്ടും നാം ലോകത്തിന്റെ പ്രഭുവിൽ ഉള്ള അനുഗ്രഹങ്ങൾക്കായി ഞരങ്ങിക്കൊണ്ടിരിക്കുന്നു.

എന്താണ് കൂട്ടവകാശത്തിന്റെ പ്രസക്തി? യേശുക്രിസ്തു സ്വർഗീയ പിതാവിനോടുള്ള അനുസരണത്താൽ എന്തെല്ലാം അവകാശങ്ങൾ നേടിയോ, അതെല്ലാം നമുക്കും പങ്കാളിത്തമുള്ള അവകാശങ്ങൾ ആണ്. കർത്താവു തന്റെ പിതാവിനെ, ആത്മാവിനെ, ഭവനത്തെ, നീതിയെ, വിശുദ്ധിയെ.തേജസ്സിനെ എല്ലാം നമുക്ക് നൽകി. രക്ഷയെ സംബന്ധിക്കുന്ന എല്ലാ അവകാശങ്ങളും ക്രിസ്തുവിൽ നമുക്ക് ഉറപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ സന്നിധിയിൽ നാം അവകാശത്തോടെ കടന്നു ചെന്ന് സ്വർഗീയ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

**യഥാർത്ഥ അവകാശം:** ഇന്ന് ലോകത്തു കാണുന്ന ആത്മീയത മിക്കവാറും എല്ലാം മനുഷ്യകേന്ദ്രീകൃതം ആണ്. മനുഷ്യൻ അവന്റെ ആവശ്യങ്ങൾക്ക് വേണ്ടിയും അത്യാഗ്രഹങ്ങൾ പൂർത്തിയാക്കാൻ വേണ്ടിയും ദൈവത്തെയും വിശ്വാസത്തെയും ദുരുപയോഗം ചെയ്യുകയാണ്. ഇന്ന് വിശ്വാസജീവിതം എന്ന് പറയുമ്പോൾ തന്നെ അത് പണം സമ്പാദിക്കുന്നതിനെക്കുറിച്ചും ലോകത്തിൽ ജയിച്ചവരായി കാണപ്പെടുന്നതിനെക്കുറിച്ചും ആണ്. എന്നാൽ ഇവിടെ നമുക്ക് മനസ്സിലാവുന്നത് ആ അവകാശം, ക്രിസ്തുവിനോട് കൂടെ കഷ്ടം അനുഭവിക്കുന്നതിനു വേണ്ടിയുള്ളതും, ആ തേജസ്സ് നമുക്ക് ലഭിക്കുന്നതിന് വേണ്ടി ഉള്ളതുമാണ്.

**ആത്മാവിന്റെ സാക്ഷ്യം:** നാം ദൈവമക്കൾ ആണെന്ന് നമുക്ക് എങ്ങനെ അറിയാം? ഒരു സഭയിൽ പോകുന്നത് കൊണ്ടോ, ആത്മീക ലക്ഷണങ്ങൾ കാണിച്ചത് കൊണ്ടോ, ഒരു പ്രകടമായ സാമൂഹ്യ തിന്മകളും ഇല്ലാതെ ജീവിച്ചത് കൊണ്ടോ ഒരാൾ പുത്രത്വം പ്രാപിച്ചു എന്ന് പറയാൻ കഴിയില്ല. അതിനു ഓരോരുത്തരും ആത്മാവ് അവരവരുടെ ആത്മാവിനോട് പറയുന്ന സാക്ഷ്യം കേൾക്കണം. നാം നമ്മെ തന്നെ വഞ്ചിക്കാതെ ശ്രദ്ധിച്ചാൽ ആ മന്ദസ്വരം കേൾക്കാൻ കഴിയും.

ഒരിക്കലും ബാഹ്യമായ അടയാളങ്ങൾ കൊണ്ടോ ഒരാൾ പ്രദർശിപ്പിക്കുന്ന കൃപാവരങ്ങൾ കൊണ്ടോ, പ്രസംഗങ്ങൾ കൊണ്ടോ പുത്രത്വം ഉറപ്പിക്കാൻ കഴിയില്ല. അത് ആന്തരികമായ ഉറപ്പാണ്. അത് ആത്മാവ് നമ്മുടെ ആത്മാവൊട് സംസാരിച്ചു നമുക്ക് നൽകുന്ന ഉറപ്പാണ്.അതിനായി നമുക്ക് ആഗ്രഹിക്കാം, പ്രാർത്ഥിക്കാം. ●



ജെസ്സി സാജു



# കുഞ്ഞുങ്ങൾ ദൈവസന്നിധിയിൽ ശ്രേഷ്ഠരാകുവാൻ

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും ഭാര്യാഭർതൃ ബന്ധവും നാം മനസ്സിലാക്കിയല്ലോ. മക്കളെ വളർത്തുന്ന കാര്യത്തിൽ വളരെ സംഘർഷം നിറഞ്ഞ ഒരു കാലയളവിൽ ആണല്ലോ നാമിപ്പോൾ ആയിരിക്കുന്നത്. മാതാപിതാക്കൾ മക്കൾ ജനിക്കുന്നതിനു മുമ്പ് തന്നെ അവർക്കുവേണ്ടി പ്രാർത്ഥിച്ചു തുടങ്ങണം. സഖര്യാവിനും എലിസബേത്തിനും ദൈവം മകനെ (യോഹന്നാൻ സ്നാപകൻ) നൽകിയപ്പോൾ അവനെക്കുറിച്ചുള്ള ദൈവീക പദ്ധതികളും അവരെ അറിയിച്ചു. അതനുസരിച്ച് അവർ മകനെ വളർത്തി. അതിൽ ചിലത് നമുക്കൊന്ന് വിശകലനം ചെയ്യാം.

നമ്മുടെ കുഞ്ഞുങ്ങൾ നാസിർ വ്രതസ്ഥർ അല്ലെങ്കിൽ പോലും അവരെല്ലാം ദൈവത്തിനു വ്രതസ്ഥർ ആണ്. യഹോവയ്ക്ക് വിശുദ്ധരാണ്. ഉദരത്തിൽ ഉരുവാകുമ്പോൾ മുതൽ അവരെ യഹോവയ്ക്ക് വിശുദ്ധരായി വളർത്തുക എന്നത് ദൈവം മാതാപിതാക്കളെ ഭരമേല്പിച്ച ഉത്തരവാദിത്തമാണ്. യേശുവിന്റെ അമ്മ മറിയയും ഭർത്താവ് യോസേഫും, യോഹന്നാൻ സ്നാപകന്റെ അമ്മ എലിസബത്തും, അവന്റെ പിതാവ് സഖര്യാവുമൊക്കെ തങ്ങൾക്ക് ഉണ്ടാകാൻ പോകുന്ന കുഞ്ഞുങ്ങളുടെ മേലുള്ള ദൈവവിളി അഥവാ അവരെക്കുറിച്ചുള്ള ദൈവീക ഉദ്ദേശ്യം നേരത്തെ തന്നെ തിരിച്ചറിഞ്ഞവരും ഉദരത്തിൽ ഉരുവായ കുഞ്ഞുങ്ങളെ ദൈവത്തിനു സമർപ്പിച്ചവരുമായിരുന്നു

ശമുവേലിന്റെ അമ്മ ഹന്നയുടെ പ്രാർത്ഥന ശ്രദ്ധിക്കൂ 'യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കുകയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നൽകുകയും ചെയ്താൽ, അടിയൻ അവനെ ജീവപര്യന്തം യഹോവയ്ക്ക് കൊടുക്കും (1 ശമുവേൽ 1 :11). 'അങ്ങ് എനിക്ക് ഒരു മകനെ തന്നാൽ, ഞാനവനെ അങ്ങേക്ക് ജീവപര്യന്തം (മടക്കി) തരും! ഇതാണ് കുഞ്ഞുങ്ങളെ വളർത്തുമ്പോൾ നാം ഓർക്കേണ്ടത്. 'അങ്ങ്എനിക്കു തന്നാൽ (മക്കൾ യഹോവ നൽകുന്ന ദാനമാണെന്ന തിരിച്ചറിവ്) ഞാനവനെ യഹോവയ്ക്ക് മടക്കി നൽകും( ഉടമസ്ഥൻ)

**ഉദരത്തിൽ ഉരുവാകുമ്പോൾ മുതൽ അവരെ വിശുദ്ധരായി വളർത്തുക എന്നത് ദൈവം മാതാപിതാക്കളെ ഭരമേല്പിച്ച ഉത്തരവാദിത്തമാണ്. യോഹന്നാൻ സ്നാപകന്റെ അമ്മ എലിസബത്തും, പിതാവ് സഖര്യാവും തങ്ങൾക്ക് ഉണ്ടാകാൻ പോകുന്ന മകന്റെമേലുള്ള ദൈവവിളി തിരിച്ചറിഞ്ഞവരും ദൈവത്തിനു സമർപ്പിച്ചവരുമായിരുന്നു**

ദൈവമാണ്. ദൈവത്തിനുവേണ്ടി ഒരുക്കി, ദൈവത്തിന് മടക്കി നൽകുവാൻ ഉള്ളതാണ് മക്കൾ... കുറെ കാലത്തേക്കല്ല ജീവപര്യന്തം.! ഓർക്കുക, മക്കൾ നമ്മുടേതല്ല, ദൈവത്തിന്റെ വകയാണ്. നാം അവരെക്കുറിച്ചു ഉത്തരവാദിത്തമുള്ള അവരുടെ രക്ഷിതാക്കൾ മാത്രമാണ്.

ഇങ്ങനെ യഹോവയിങ്കൽ നിന്ന് കുഞ്ഞിനെ വാങ്ങി യഹോവയ്ക്കു മടക്കി കൊടുക്കുന്നതിൽ മാതാപിതാക്കൾക്ക് എന്തു ലഭിക്കുന്നു എന്ന് ചോദിച്ചേക്കാം. വാസ്തവത്തിൽ അതിൽ നിന്നേ മാതാപിതാക്കൾക്ക് എന്തെങ്കിലും ലഭിക്കുന്നുള്ളു. നമ്മൾ കുഞ്ഞുങ്ങളെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നുവെങ്കിൽ, അവരുടെ ജീവിതം അർത്ഥപൂർണ്ണം ആവുന്നത് കണ്ട് നാം തീർച്ചയായും സന്തോഷിക്കും. ആ സംതൃപ്തിയാണ് ഒരു പിതാവിന്റെയും മാതാവിന്റെയും പ്രതിഫലം! എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല എന്ന് ദൈവവചനത്തിൽ പറഞ്ഞിട്ടുണ്ട് താനും.

യോഹന്നാൻ സ്നാപകന്റെ ജനനത്തിനു മുമ്പ്, അവൻ എലിസബത്തിന്റെ ഉദരത്തിൽ ഉരുവാകും മുമ്പ് സഖരിയാവിന് ദൈവദർശനമുണ്ടായി. നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം ആയി, നിന്റെ ഭാര്യ എലിസബത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും. അവന് യോഹന്നാൻ എന്ന് പേരിടണം. നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും ( ലൂക്കോസ് 1:13,14) എന്ന് ദൈവദൂതൻ അവനോട് പറഞ്ഞു. ജനിക്കാൻ പോകുന്ന യോഹന്നാൻ സ്നാപകനെപ്പറ്റി ദൂതൻ സഖരിയാവിനോട് പറയുന്ന അടുത്ത കാര്യം, അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും (ലൂക്കോസ് 1: 15) എന്നതാണ്. നമ്മുടെ കുഞ്ഞുങ്ങളെപ്പറ്റിയും ഈ പ്രത്യാശയാവണം നമുക്കും ഉണ്ടാകേണ്ടത്. കർത്താവിന്റെ സന്നിധിയിൽ വലിയവരാവുക!

അടുത്തതായി ദൂതൻ പറയുന്നത്, അവൻ വീഞ്ഞും മദ്യവും കുടിക്കയില്ല, അമ്മയുടെ ഗർഭത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവ് കൊണ്ട് നിറയും (ലൂക്കോസ് 1: 15 ) എന്നതാണ്! നമ്മുടെ പുതു തലമുറയ്ക്ക് അത്യന്താപേക്ഷിതമായിരിക്കുന്നത് ഇക്കാര്യമാണ്, പരിശുദ്ധാത്മനിറവ്! 'ഈ വക്രതയും കോട്ടവും ഉള്ള തലമുറയിൽ നമ്മുടെ മക്കൾ അനിന്ദ്യരും പരമാർഥികളും ദൈവത്തിന്റെ നിഷ്കളങ്ക മക്കളും ( ഫിലിപ്പിയർ 2: 14 ) ആകണമെങ്കിൽ അവർ പരിശുദ്ധാത്മാവിൽ നിറഞ്ഞേ മതിയാവൂ.

**ദൈവത്തിനുവേണ്ടി ഒരുക്കി, ദൈവത്തിന് മടക്കി നൽകുവാൻ ഉള്ളതാണ് മക്കൾ... കുറെ കാലത്തേക്കല്ല ജീവപര്യന്തം.! ഓർക്കുക, മക്കൾ നമ്മുടേതല്ല, ദൈവത്തിന്റെ വകയാണ്.**

കുഞ്ഞുങ്ങൾ പരിശുദ്ധാത്മാവിൽ നിറയണമെങ്കിൽ നാം അവരിൽ ലോകമോഹങ്ങൾ കുത്തി നിറക്കാതെയിരിക്കണം. കുഞ്ഞുങ്ങൾക്ക് നാം നൽകുന്നത് ഒരു ആത്മീയ അന്തരീക്ഷം ആണോ? അതോ ഒരു ലൗകിക അന്തരീക്ഷം ആണോ ?

യോഹന്നാനെ പറ്റി പിന്നീട് ദൂതൻ പറയുന്നത്: 'അവൻ ഇസ്രായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചു വരുത്തും (ലൂക്കോസ് 1: 16) എന്നാണ്. നമ്മുടെ കുഞ്ഞുങ്ങൾ സത്യത്തെ അനുസരിച്ച് നടക്കുന്നവർ മാത്രമല്ല, അനേകരെ സത്യത്തിലേക്ക് നടത്തുന്നവരുമായിത്തീരണം. അവരുടെ സഹപാഠികളെ, സുഹൃത്തുക്കളെ, കർത്താവിങ്കലേക്ക് തിരിക്കുന്ന ഒരു നിറപ്പിന്റെ അഥവാ അനുരഞ്ജനത്തിന്റെ (restoration) ശുശ്രൂഷ നമ്മുടെ കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ടതിന് നാം പ്രാർത്ഥിക്കണം.

അടുത്തതായി യോഹന്നാനെപ്പറ്റി ദൂതൻ പറയുന്നത്: മെരുക്കമില്ലാത്ത ഹൃദയങ്ങളെ പോലും കർത്താവിനു വേണ്ടി ഒരുക്കും എന്നാണ് (ലൂക്കോസ് 1 : 17 ). അപ്പനെയും മക്കളെയും തമ്മിൽ നിരപ്പിക്കും, അനുസരണം കെട്ടവരെ പ്രബോധനം കേൾക്കാൻ ഉത്സുകരാക്കും. ദൈവത്തിന് അവരിലേക്ക് ചെല്ലാൻ വഴി ഒരുക്കി കൊടുക്കും. നമ്മുടെ കുഞ്ഞുങ്ങൾ സമാധാനം ഉണ്ടാക്കുന്നവർ ആയിരിക്കണം (മത്തായി 5: 9 ) ദൈവസമാധാനം മനുഷ്യരിൽ എത്തിക്കുന്നവർ!

നമ്മുടെ കുഞ്ഞുങ്ങളുടെ മേലുള്ള 'ദിവ്യസൗന്ദര്യം' കാണാനുള്ള ആത്മീയ ദർശനം ഓരോ മാതാപിതാക്കൾക്കും ഉണ്ടാകണം. ആ ദർശനം പ്രാപിക്കുമ്പോൾ പിന്നെ നാം നമ്മുടെ കുഞ്ഞുങ്ങളെ ലോകത്തിൽ വലിയവരാക്കുവാൻ അല്ല, പിന്നെയോ 'കർത്താവിന്റെ സന്നിധിയിൽ' വലിയവരാക്കുവാൻ പരിശ്രമിക്കും.

പിന്നീട്, നമ്മുടെ പ്രാർത്ഥന 'ദൈവമേ, എന്റെ കുഞ്ഞിനെക്കുറിച്ചു അങ്ങയുടെ ലക്ഷ്യം എന്താണോ, അതിന് അവനെ ഒരുക്കാൻ എന്നെ സഹായിക്കണമേ എന്നായിരിക്കും •



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# അറിയുവാൻ വരം ലഭിച്ചവർ

പിന്നെ ശിഷ്യന്മാർ അടുക്കൽ വന്ന്: അവരോട് ഉപമകൾ ആയി സംസാരിക്കുന്നത് എന്ത് എന്ന് കർത്താവിനോടു ചോദിച്ചു. യേശു അവരോട് ഉത്തരം പറഞ്ഞത്: സ്വർഗ്ഗരാജ്യത്തിന്റെ മർമങ്ങളെ അറിയുവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു: അവർക്കോ ലഭിച്ചിട്ടില്ല. ഉള്ളവന് കൊടുക്കും; അവന് സമൃദ്ധി ഉണ്ടാകും: ഇല്ലാത്തവനോടോ അവന് ഉള്ളതും കൂടെ  എടുത്തുകളയും. അതുകൊണ്ട് അവർ കണ്ടിട്ട് കാണാതെയും കേട്ടിട്ട് കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കയാൽ ഞാൻ ഉപമകൾ ആയി അവരോട് സംസാരിക്കുന്നു. 'നിങ്ങൾ ചെവിയാൽ  കേൾക്കും ഗ്രഹിക്കുകയില്ലതാനും: കണ്ണാൽ കാണും ദർശിക്കുകയില്ലതാനും. ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ട് മന്ദമായി കേൾക്കുന്നു, കണ്ണടച്ചിരിക്കുന്നു. അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെയും ഹൃദയംകൊണ്ട് ഗ്രഹിക്കാതെയും തിരിഞ്ഞു കൊള്ളാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിന്നു തന്നെ' എന്ന് യെശയ്യാവ് പറഞ്ഞ  പ്രവാചകത്തിനു അവരിൽ നിവർത്തി വരുന്നു. എന്നാൽ നിങ്ങളുടെ കണ്ണ് കാണുന്നതു കൊണ്ടും നിങ്ങളുടെ ചെവി കേൾക്കുന്നതു കൊണ്ടും ഭാഗ്യം ഉള്ളവ. ഏറിയ പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്നത് കാണ്മാൻ ആഗ്രഹിച്ചിട്ടും കണ്ടില്ല: നിങ്ങൾ കേൾക്കുന്നത് കേൾപ്പാൻ ആഗ്രഹിച്ചിട്ടും കേട്ടില്ല എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു  (മത്തായി 13 :10 - 17).

സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളെ കർത്താവ് ഉപമകളിലൂടെ ആണ് ജനങ്ങൾക്ക് വിവരിച്ച് കൊടുത്തത്. എന്തുകൊണ്ടാണ് ഉപമകൾ ആയി സംസാരിക്കുന്നത് എന്ന് ശിഷ്യന്മാർ കർത്താവിനോടു ചോദിച്ചപ്പോൾ ലഭിച്ച മറുപടി 'സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു, അവർക്കോ ലഭിച്ചിട്ടില്ല എന്നായിരുന്നു.

ഉപമകൾ ആയി സംസാരിച്ചത് അവർ ഗ്രഹിക്കാതെ ഇരിക്കുവാൻ  ആയിരുന്നുവോ? അല്ലേ അല്ല, പ്രത്യുത അവർക്കു ഗ്രഹിക്കുവാൻ കുറെക്കൂടി ലളിതമാക്കുകയായിരുന്നു. അവർ കണ്ടിട്ട് കാണാതെയും കേട്ടിട്ട് കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കുന്ന അവസ്ഥയിലായിരുന്നു. അതിന്റെ കാരണം അവരുടെ അവിശ്വാസം തന്നെ ആയിരുന്നു.

സ്വർഗ്ഗരാജ്യത്തിന്റെ  മർമ്മം അറിവാൻ വരം ലഭിച്ചത് വിശ്വസിച്ചവർക്ക് ആണ്. അവിശ്വസിച്ചവരുടെ ഹൃദയം കഠിനപ്പെട്ടുപോയി. അവർ കണ്ണുകൊണ്ട്

**ഉപമകൾ ആയി സംസാരിച്ചത് അവർ ഗ്രഹിക്കാതെ ഇരിക്കുവാൻ ആയിരുന്നുവോ? അല്ലേ അല്ല, പ്രത്യുത അവർക്കു ഗ്രഹിക്കുവാൻ കുറെക്കൂടി ലളിതമാക്കുകയായിരുന്നു. അവർ കണ്ടിട്ട് കാണാതെയും കേട്ടിട്ട് കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കുന്ന അവസ്ഥയിലായിരുന്നു.**

കണ്ടിട്ടും കാണാത്തവരെ പോലെയും, ചെവികൊണ്ട് കേട്ടിട്ടും ഒന്നും മനസ്സിലാകാത്തവരെപ്പോലെയും ആയിരുന്നു. ഹൃദയകാഠിന്യം ഉള്ളവരായിരുന്നു അവർ. അവരുടെ ഈ അവസ്ഥയെക്കുറിച്ച് യെശയ്യാവ് മുൻകൂട്ടി പ്രവചിച്ചിരുന്നു. യെശയ്യാവ് 6 :9,10 വാക്യങ്ങളാണ് കർത്താവ് ഇവിടെ ഉദ്ധരിക്കുന്നത്. യെശയ്യാവ് ആറാം അധ്യായത്തിൽ പ്രവാചകൻ കണ്ട ദർശനം യേശുക്രിസ്തുവിന്റെ ദർശനമായിരുന്നു എന്ന് ഇതിനാൽ വ്യക്തമാക്കുന്നു. യോഹന്നാൻ അതെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തുന്നു. 'യെശയ്യാവ് അവന്റെ തേജസ് കണ്ടു അവനെക്കുറിച്ച് സംസാരിച്ചത് കൊണ്ട് ആകുന്നു ഇത് പറഞ്ഞത് (യോഹന്നാൻ 12:41). ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്ന കർത്താവ് (യശയ്യാവ് 6: 1) യേശുക്രിസ്തുവാണ്. അവിടുത്തെ തേജസ് അവർണനീയമാണ്. സാറാഫുകളുടെ ആരാധ്യനായ അവിടുത്തെ തേജസ് അവർക്ക് കണ്ണുതുറന്നു നോക്കുവാൻ കഴിയുന്നതിനേക്കാൾ എത്രയോ വലുതായിരുന്നു. സാറാഫുകൾ രണ്ടു ചിറകുകൾ കൊണ്ട് മുഖംമൂടിയാണ് സിംഹാസനത്തിൻ മുമ്പിൽ പറന്നു കൊണ്ടിരിക്കുന്നത്.

കർത്താവിന്റെ മഹത്വം ദർശിച്ച യെശയ്യാവ് തന്റെ അയോഗ്യതയെക്കുറിച്ച് ബോധവാനായി. താൻ അശുദ്ധിയുള്ള അധരങ്ങൾ ഉള്ള മനുഷ്യനാണെന്നും അശുദ്ധിയുള്ള അധരങ്ങൾ ഉള്ള മനുഷ്യരുടെ നടുവിലാണ് താൻ വസിക്കുന്നതു എന്നുമുള്ള തിരിച്ചറിവ് യെശയ്യാവിൽ ആഴമായ പശ്ചാത്താപം ഉളവാക്കി. അപ്പോൾ സാറാഫുകളിൽ ഒരുവൻ യാഗപീഠത്തിൽ നിന്നു കൊടിൽ കൊണ്ട് ഒരു തീക്കനൽ എടുത്തു, അതിനാൽ യെശയ്യാവിനെ അധരം തൊട്ട് ശുദ്ധമാക്കി. തുടർന്ന് യെശയ്യാവു കർത്താവ് ചോദിക്കുന്ന ശബ്ദം കേട്ടു. 'ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? അതിനു മറുപടിയായി യെശയ്യാവ് പറഞ്ഞു 'അടിയൻ ഇതാ അടിയനെ അയയ്ക്കേണമേ .

യെശയ്യാവിനെ തന്റെ ജനങ്ങളുടെ അടുത്തേക്ക് കർത്താവ് തന്റെ വചനം ഭരമേൽപ്പിച്ച് അയയ്ക്കുമ്പോൾ ആ ജനത്തോട് പറയുവാൻ കൽപ്പിച്ചു 'നിങ്ങൾ കേട്ടിട്ടും തിരിച്ചറിയുകയില്ല. നിങ്ങൾ കണ്ടിട്ടും ഗ്രഹിക്കുകയും ഇല്ല . കർത്താവ് അന്ന് യെശയ്യാവിനോട് അരുളിച്ചെയ്തതു കർത്താവു തന്നെ ഈ ഭൂമിയിൽ മനുഷ്യനായി വരുമ്പോൾ സംഭവിക്കുവാൻ പോകുന്ന കാര്യം ആയിരുന്നു. അവർണ്ണനീയമായ തേജസിന്റെ കർത്താവ് തന്നത്താൻ ത്യജിച്ചു ഈ ഭൂമിയിൽ രക്ഷകനായ മനുഷ്യനായി വരുമ്പോൾ അവനെ കണ്ടിട്ടും കാണാത്തവരെ പോലെയും കേട്ടിട്ടും കേൾക്കാത്തവരെ പോലെയും തന്റെ സ്വന്തം ജനമായ യഹൂദാജാതിതന്നെ പുറംതിരിഞ്ഞുനിൽക്കുമെന്നു കർത്താവ് അറിഞ്ഞിരുന്നു. യെശയ്യാവ് പ്രവചിച്ചതു പോലെതന്നെ ആ തിരുവചനം നിവർത്തിയായി എന്ന് നമ്മുടെ വേദഭാഗത്തു മത്തായി സമർത്ഥിച്ചിരിക്കുന്നു.

ദൈവവചനം കേൾക്കുവാനും അത് മനസ്സിലാക്കി അനുസരിക്കുവാനും ദൈവത്തിങ്കലേക്ക് ഹൃദയം തിരിക്കുന്നവരുടെ ഹൃദയത്തെയാണ് കർത്താവ് തുറക്കുന്നത്. അവിശ്വാസത്താൽ ദൈവവചനത്തിന് മുഖം തിരിക്കുന്നവരിൽ ദൈവത്തിനു പ്രവർത്തിക്കുവാൻ കഴിയാത്തതിനാൽ അവരുടെ ഹൃദയം കഠിനപ്പെട്ടുപോകുന്നു. 'ഈ ജനം കണ്ണുകൊണ്ട് കാണുകയോ ചെവികൊണ്ട് കേൾക്കുകയോ ഹൃദയംകൊണ്ട് ഗ്രഹിക്കുകയോ മനസ്സ് തിരിഞ്ഞു സൗഖ്യം പ്രാപിക്കുകയോ ചെയ്യാതിരിക്കേണ്ടതിന് നീ അവരുടെ ഹൃദയം തടിപ്പിക്കുകയും അവരുടെ ചെവി മന്ദമാക്കുകയും അവരുടെ കണ്ണടച്ചു കളയുകയും ചെയ്തു (യെശയ്യാവു 6:10) എന്ന് പറഞ്ഞതിന്റെ സാരം അതാണ്.

അവിശ്വാസികൾക്ക് സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ ഗ്രഹിക്കുവാൻ വരം ലഭിച്ചിട്ടില്ല. വിശ്വസിക്കുന്നവർക്ക് സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ ലഭിക്കുവാൻ വരം ലഭിച്ചിരിക്കുന്നു. 'ഉള്ളവനു ലഭിക്കും അവർക്ക് സമൃദ്ധി ഉണ്ടാകും എന്ന് അവരെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അവർ സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ കൂടുതൽ ഗ്രഹിക്കുകയും സ്വർഗ്ഗരാജ്യം തന്നെ അവകാശം ആക്കുകയും ചെയ്യും. വരം ലഭിക്കാത്ത അവിശ്വാസികൾക്ക്, ഉള്ള വിശ്വാസം കൂടെ നഷ്ടപ്പെടും. അവരുടെ ഹൃദയം കൂടുതൽ കഠിനപ്പെടും. 'ഇല്ലാത്തവനോട് അവൻ ഉള്ളതും കൂടെ എടുത്തു കളയും എന്ന് അവരെക്കുറിച്ച് പറയുന്നു.

വിശ്വാസികൾ അഥവാ അറിയുവാൻ വരം ലഭിച്ചിരിക്കുന്നവർ എങ്ങനെയാണ് അറിയുന്നത്? കൂടുതൽ അറിയുവാൻ ആഗ്രഹിച്ചുകൊണ്ട് മനസ്സിലാകാത്ത കാര്യങ്ങൾ ദൈവം വെളിപ്പെടുത്തി നൽകുവാൻ അവർ കർത്താവിനോട് പ്രാർത്ഥിക്കുന്നു. വിതയ്ക്കുന്നവന്റെ ഉപമ പറഞ്ഞപ്പോൾ കർത്താവിന്റെ ശിഷ്യന്മാർക്ക് അതിന്റെ പൊരുൾ ആദ്യം മനസ്സിലായില്ല. 'ഈ ഉപമ എന്ത് എന്നു അവർ കർത്താവിനോട് ചോദിച്ചു (ലൂക്കോസ് 8:9). അപ്പോൾ കർത്താവ് അത് പൊരുൾതിരിച്ചു

നൽകി. അതുപോലെ അവർക്ക് അറിയില്ലാത്ത കാര്യങ്ങൾ ചോദിച്ചാണ് അവർ മനസ്സിലാക്കിയിരു ന്നത്.

അറിയുവാൻ ആഗ്രഹിക്കുന്നവർക്കാണ് അറിയു വാൻ വരം ലഭിച്ചതും, ലഭിക്കുന്നതും. അവർ ആ ഗ്രഹമുള്ളവർ ആകയാൽ അറിയുവാൻ ശ്രമിക്കു കയും പ്രാർത്ഥിക്കുകയും സംശയങ്ങൾ ചോദിച്ചു അറിവിൽ വളരുകയും ചെയ്യും. നാം ഓരോരുത്ത രും അങ്ങനെ ആയിരിക്കണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു.

കർത്താവ് തന്റെ ശിഷ്യന്മാരെ നോക്കി അ വരോട് പറഞ്ഞു,'എന്നാൽ നിങ്ങളുടെ കണ്ണ് കാ ണുന്നതുകൊണ്ടും നിങ്ങളുടെ ചെവി കേൾക്കുന്ന തു കൊണ്ടും ഭാഗ്യം ഉള്ളത്, ഏറിയ പ്രവാചകന്മാ രും നീതിമാന്മാരും നിങ്ങൾ കാണുന്നതു കാണ്മാൻ ആഗ്രഹിച്ചിട്ടും കണ്ടില്ല: നിങ്ങൾ കേൾക്കുന്നത് കേൾക്കാൻ ആഗ്രഹിച്ചിട്ടും കേട്ടില്ല എന്ന് ഞാൻ സത്യമായും നിങ്ങളോട് പറയുന്നു'

സാറാഫുകൾ കാണുവാൻ ആഗ്രഹിച്ചിട്ടും കണ്ണുകൾ തുറന്നു നോക്കുവാൻ കഴിയാത്തവണ്ണം തേജസേറിയ കർത്താവിനെയാണ് തന്റെ ശിഷ്യന്മാർ കണ്ടത്. അത് എത്ര വലിയ ഭാഗ്യമാ യിരുന്നു. മനുഷ്യനായി ഭൂമിയിൽ വരുന്ന കർത്താ വിനെക്കുറിച്ച് പ്രവാചകന്മാർ പ്രവചിച്ചപ്പോൾ അ വർക്കു കർത്താവിനെ കാണുവാൻ ആഗ്രഹമുണ്ടാ യിരുന്നു. പക്ഷേ, അവർക്ക് കാണുവാൻ കഴിഞ്ഞി ല്ല. പത്രോസ് അപ്പോസ്തലൻ ആ കാര്യം ചൂണ്ടി ക്കാണിച്ചുകൊണ്ട് പറയുന്നു: 'നിങ്ങൾക്ക് വരുവാ നിരിക്കുന്ന രക്ഷയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാ ർ ഈ രക്ഷയെ ആരാഞ്ഞു അന്വേഷിച്ചിരുന്നു. അ വരിലുള്ള ക്രിസ്തുവിന്റെ ആത്മാവ് ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളും പിൻവരുന്ന മഹിമയും മുൻ കൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ, എങ്ങനെ ഉള്ളതോ എന്ന് പ്രവാചകന്മാർ ആരാഞ്ഞു നോക്കി, തങ്ങൾക്കായിട്ടല്ല നിങ്ങൾക്ക് ആയിട്ടത്രേ തങ്ങൾ ഈ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർക്ക് വെളിപ്പെട്ടു (1 പത്രോസ് 1 :11).

വിശ്വസിക്കുന്ന നമ്മുടെ ഭാഗ്യം എത്ര വലി യത് എന്ന് ചിന്തിക്കുക. സ്വർഗ്ഗരാജ്യത്തിന്റെ മർമ്മ ങ്ങൾ അറിയുവാൻ, കർത്താവിനെ കൂടുതലറിയു വാൻ നമുക്ക് വരം ലഭിച്ചിരിക്കുന്നു. •

# കേൾക്കുവാൻ മനസ്സില്ലാത്തവൻ ബധിരൻ

യേശുവിന്റെ ഐഹിക ശുശ്രൂഷാകാലത്തു വളരെ ലളിതമായും കേൾവിക്കാരുടെ ശ്രദ്ധയും താൽപ്പര്യവും പിടിച്ചു പറ്റുന്ന വിധത്തിലുമാണ് സംസാരിച്ചത്. പുരുഷാരം അവിടുത്തെ വാക്ക് സന്തോഷത്തോടെ കേട്ടു പോന്നു (മർക്കോസ് 12: 37). എന്നാൽ വിദ്യാസമ്പന്നരായ ശാസ്ത്രിമാരും പരീശന്മാരും തന്നോട് നീരസപ്പെടുകയാണ് ചെയ്തത്. തന്റെ ഉപദേശങ്ങളിൽ നിഴലിച്ചു കണ്ട ഉന്നതമായ ആത്മീയനിലവാരം അവർക്ക് സ്വീകാര്യമായിരുന്നില്ല. യേശുവിന്റെ വാക്കുകളെ അവർ മന:പ്പൂർവ്വം തെറ്റായി വ്യാഖ്യാനിച്ചു. കർത്താവ് പറഞ്ഞ പല കാര്യങ്ങളും മനസ്സിലാക്കാൻ കഴിയാതെവണ്ണം അവരുടെ ചെവിക്കും കേൾവിക്കും മാന്ദ്യം ഭവിച്ചിരുന്നു. ഒരു ഭൗമിക രാജ്യത്തിൽ അധികാരസ്ഥാനങ്ങൾ വഹിക്കുന്നതിനെക്കുറിച്ച് പ്രധാനമായി ചിന്തിച്ചു കൊണ്ടിരുന്നതിനാൽ, കർത്താവിന്റെ ശിഷ്യന്മാർക്ക് പോലും, താൻ പാപിക്കുവേണ്ടി മരിക്കുമെന്നും വീണ്ടും ഉയർത്തെഴുന്നേൽക്കുമെന്നും അടിക്കടി യേശുകർത്താവ് പറഞ്ഞു, എങ്കിലും അവർക്കു അത് തീരെ ഹിതകരമായില്ല, മനസ്സിലായതും ഇല്ല. എന്നാൽ, എസ്രാ ശാസ്ത്രി ന്യായപ്രമാണ പുസ്തകം വായിച്ചപ്പോൾ അത് ശ്രദ്ധിച്ച ഇസ്രായേൽജനതയുടെ മനോഭാവം മേൽ പറഞ്ഞതിൽ നിന്നും എത്രയോ വ്യത്യസ്തമായിരുന്നു. അവൻ അതിന്റെ പൊരുൾ വിശദീകരിച്ചു കൊടുത്തപ്പോൾ ജനങ്ങൾ സന്തോഷിച്ചു. സത്യമാണെന്ന് അവർക്ക് ബോധ്യമായി. അവർ അത് അനുസരിക്കുകയും ചെയ്തു. കേട്ടു പഠിക്കുന്നതിന്റെ പ്രാധാന്യതയെ നാം ഒരിക്കലും തുച്ഛീകരി ക്കരുത്. ശ്രദ്ധാപൂർവം നമ്മുടെ കാതുകൾ തുറന്നു കേൾക്കുന്നു എങ്കിൽ നമുക്ക് ധാരാളം സ്വർഗീയജ്ഞാനം ലഭിക്കും. •

# രാജ്യത്തെ ദൈവം രക്ഷിക്കട്ടെ

ഭാരതം ഭരണഘടനാദിനമായി ആചരിച്ച നവംബർ മാസം ഇരുപത്തിയാറാം തീയതി കേരള ഹൈക്കോടതി ജഡ്ജിയായ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സങ്കടത്തോടെയും വേദനയോടെയും നടത്തിയ പരാമർശമാണ് രാജ്യത്തെ ദൈവം രക്ഷിക്കട്ടെ എന്നത്. നീതിന്യായ കോടതി പോലും ഇത്തരത്തിലുള്ള ഒരു പരാമർശം നടത്തണം എങ്കിൽ, നമ്മുടെ രാജ്യത്ത് നടക്കുന്ന ഭരണഘടനാ ലംഘനത്തിന്റെ സ്ഥിതി എത്രമാത്രം പരിതാപകരം ആണെന്ന് ചിന്തിക്കാവുന്നതേയുള്ളൂ.

തെന്മല പോലീസ് സ്റ്റേഷനിൽ പരാതി നൽകാനെത്തിയ ഉറുകുന്ന് സ്വദേശി രാജീവിനെ പോലീസ് സ്റ്റേഷനിൽ വിലങ്ങണിയിച്ച് നിർത്തി മർദ്ദിച്ചെന്ന ഹർജി പരിഗണിക്കുമ്പോഴാണ്, ബഹുമാനപ്പെട്ട ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഈ വിമർശനം നടത്തിയത്. വേലി തന്നെ വിളവു തിന്നുന്ന ഒരവസ്ഥ! ഭാരതത്തിന്റെ ഭരണഘടന പ്രകാരം നിയമവാഴ്ച ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം രാജ്യം ഭരിക്കുന്ന സർക്കാരിനുള്ളതാണ്. അത് ഏത് പാർട്ടിയാണെങ്കിലും.

പല മേഖലകളിലും അഭൂതപൂർവ്വവും അസൂയാവഹവും പ്രശംസനീയവുമായ അനവധി നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട് എന്നത് നിഷേധിക്കുന്നില്ല. നീതി ആയോഗ് പുറത്തുവിട്ട ദാരിദ്ര്യ സൂചിക പ്രകാരം ഇന്ത്യയിൽ ദരിദ്രരില്ലാത്ത ഏക ജില്ല കോട്ടയമാണ്. പോഷകാഹാര ലഭ്യത, ശിശുമരണം, വിദ്യാഭ്യാസം, പാചക ഇന്ധനത്തിന്റെ ലഭ്യത, ശുചിത്വം, ശുദ്ധജലം, വൈദ്യുതി തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ചാണ് ദാരിദ്ര്യ സൂചിക തയ്യാറാക്കുന്നത്. ഭാരതത്തിലെ മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഇക്കാര്യത്തിൽ വളരെ മികവു പുലർത്തിയത് തികച്ചും പ്രശംസനീയമാണ്. വിശേഷാൽ ഇന്ത്യയിൽ ദരിദ്രരില്ലാത്ത ഏക ജില്ല കോട്ടയം ആണ് എന്നുള്ള പരാമർശം. എങ്കിലും ഭരണഘടന ലംഘിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയെടുക്കാത്തതും അവരെ സംരക്ഷിക്കുന്നതുമായ പ്രവണത തേൻതുള്ളിയിലെ മീൻതുള്ളി പോലെയാണ്.

ജനത്തെ സേവിക്കേണ്ടതിന് ജനങ്ങളിൽനിന്ന് വിവിധ നിലകളിൽ പിരിച്ചെടുക്കുന്ന നികുതി കൊണ്ട് ഗവൺമെൻറ് തീറ്റിപ്പോറ്റുന്ന ഉദ്യോഗസ്ഥന്മാരിൽ അനേകരും ഗവൺമെന്റ് ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി കയറിയിറങ്ങുന്ന സാധാരണക്കാരായ പൗരൻമാരുടെ മേൽ തട്ടിക്കയറുന്നവരും പരിഹസിക്കുന്നവരും കുതിര കയറുന്നവരും ആയി അധ:പതിച്ചിരിക്കുന്നു. ഇത്തരത്തിൽ പെരുമാറുന്ന ഉദ്യോഗസ്ഥന്മാരും അവർക്ക് ഒത്താശ ചെയ്ത് അവരെ സംരക്ഷിക്കുന്ന യൂണിയനുകളും എക്കാലത്തും നാടിന്റെ ശാപം തന്നെയാണ്.

എത്ര രുചികരമായി പാകംചെയ്ത പാൽപ്പായസവും അപ്പാടെ വിഷലിപ്തം ആക്കാൻ ഒരു തുള്ളി വിഷം മാത്രം മതിയാകും. നമ്മുടെ നാട് കൈവരിച്ച നേട്ടങ്ങളുടെയെല്ലാം ശോഭ കെടുത്തുന്നത് മുഴുവൻ, ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഒരുകൂട്ടം അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരാണ്. ശുദ്ധജല പദ്ധതിക്കായി പൊളിക്കുന്ന റോഡുകൾ പൂർവസ്ഥിതിയിൽ ആക്കാതെ വകുപ്പുകൾ തമ്മിൽ പരസ്പരം പോരടിക്കുന്നത് ഇതിന് ഒരു ഉദാഹരണം മാത്രമാണ്. എത്ര ജീവനുകളാണ് ഇക്കാരണത്താൽ അപകടത്തിൽപ്പെട്ടു മരിക്കുന്നതു. പൊതുജനത്തെ കഴുതകളാക്കി കൊണ്ട് പ്രസ്താവനകൾ ഇറക്കി അഹങ്കാരത്തോടെ സംസാരിക്കുന്ന രാഷ്ട്രീയക്കാരെ പൊതുജനം അവജ്ഞയോടെയാണ് കേട്ടുകൊണ്ടിരിക്കുന്നത്.

ഭാരതത്തിന്റെ ഭരണഘടന ആചരിച്ച ആ ദിവസം തന്നെ, നിയമത്തിന്റെ കാവൽഭടന്മാരായി അറിയപ്പെടുന്ന കോടതിയുടെ പരാമർശം നിസ്സാരമായി എടുക്കാതെ വളരെ ഗൗരവത്തോടെ എടുത്ത് നമ്മുടെ നാടിനെ ലോകത്തിന്റെ മുൻപിൽ മാതൃകയാക്കാൻ ഭരണസംവിധാനങ്ങൾ ഉത്സാഹിക്കട്ടെ. ഇക്കാര്യത്തിൽ രാഷ്ട്രീയ ഭേദമില്ലാതെ എല്ലാവരും ഒന്നിച്ച് നിൽക്കട്ടെ. സത്യദൈവത്തെ ഭയപ്പെടുന്നവരായി ഭരണാധികാരികളും ഉദ്യോഗസ്ഥരും തീരുകയും; ഉന്നതന്മാർക്കു മീതെ ജാഗരിക്കുന്ന അത്യുന്നതനാണ് ദൈവം എന്ന് അവർ തിരിച്ചറിയുകയും വേണം. അങ്ങനെ ദൈവം നമ്മുടെ നാടിനെ രക്ഷിക്കട്ടെ. •

## ➢ 8 വിവേചനബുദ്ധി പ്രായോഗികജീവിതത്തിൽ

ദൈവാശ്രയം എന്നാൽ അലസതയല്ല; ദൈവത്തിൽ ആശ്രയിച്ചുള്ള അധ്വാനമാണ്. അധ്വാനിക്കുന്നത് ആകുലതയോടെ ആകരുത് എന്നു മാത്രം! കാരണം, ആകുലത ദൈവാശ്രയമില്ലായ്മയിൽ നിന്നാണുണ്ടാകുന്നത്! എന്തായാലും കിട്ടുന്ന ശമ്പളം ധൂർത്തടിച്ചു കളഞ്ഞ് ദൈവാശ്രയം പ്രസംഗിക്കുന്നതിലും ആത്മീയത, ചെലവു ചുരുക്കി ജീവിച്ച്, വളരുന്ന കുടുംബത്തിന്റെ ആവശ്യങ്ങൾക്കായി കരുതുന്നതു തന്നെയാണ്.

അതിനർത്ഥം ലുബ്ധ് കാണിച്ചു തലമുറകൾക്കു വേണ്ടി സമ്പാദിച്ചു കൂട്ടണമെന്നല്ല. അതു തീർച്ചയായും നികൃഷ്ടമായ ഒരു കാര്യം തന്നെ. ഒരു ഭക്തൻ സമ്പാദിക്കുന്നതു അവനും അവന്റെ കുടുംബത്തിനും വേണ്ടി മാത്രമല്ല... അവൻ ദൈവത്തിന്റെ പ്രതിനിധിയാണെങ്കിൽ അവൻ അവനു വേണ്ടി തന്നെ ജീവിക്കുകയില്ല. യഹോവഭക്തയായ ഈ സ്ത്രീയുടെ ജീവിതത്തിലും അവൾ തനിക്കുവേണ്ടി തന്നെയല്ല ജീവിക്കുന്നത്. അധ്വാനിച്ച് അവൾ സമ്പാദിക്കുന്നുവെങ്കിലും തന്റെ കൈ എളിയവർക്കു തുറക്കുന്നു; ദരിദ്രരുടെ അടുക്കലേക്കു കൈ നീട്ടുന്നു.(സദൃശ്യം 31:20 ). ഇവിടുത്തെ ശ്രദ്ധേയമായ പ്രയോഗം, എളിയവർ അവളോടു ഇരക്കുകയല്ല അതിനു മുൻപു തന്നെ അവൾ എളിയവർക്കു അവളുടെ കൈ തുറക്കുന്നു; ദരിദ്രർ അവളുടെ അരികിലേക്കു കൈനീട്ടുകയല്ല; അവൾ ദരിദ്രന്മാരുടെ അടുക്കലേക്കു അവളുടെ നിറകൈ നീട്ടുകയാണ്. അവിടെയാണു അവളുടെ മനോഭാവത്തിന്റെ മഹിമ! അവളുടെ എല്ലാ പ്രവൃത്തിയും, കൊടുക്കുന്നതുൾപ്പെടെ എല്ലാം താൽപര്യത്തോടെ ആണ്. സ്വയം ശൂന്യനാക്കി നമ്മെ സമ്പന്നമാക്കിയ യേശുവിന്റെ സ്നേഹത്തെ വെളിപ്പെട്ടു കിട്ടിയിട്ടില്ലാത്ത ഒരു പഴയനിയമ വനിതയിൽ നിന്നും ഇതിൽ കൂടുതൽ പ്രതീക്ഷിക്കേണ്ടതുണ്ടോ?

എന്നാൽ, സ്വർഗത്തിലെ സകല മഹിമകളെയും ശൂന്യമെന്നെണ്ണി ഭൂമിയിലേക്കു ഇറങ്ങിവന്ന യേശുവിന്റെ വെളിപ്പാടു ലഭിച്ച നമ്മോട് ദൈവം ഒരു പക്ഷേ, സമ്പൂർണമായ ഉപേക്ഷണവും ആവശ്യപ്പെട്ടേക്കാം. മടിക്കേണ്ട... നമ്മുടെ എല്ലാ സാഹചര്യങ്ങളെക്കാളും സുരക്ഷിതം, ദൈവത്തോടുള്ള അനുസരണം തന്നെയാണ്

ദേശത്തിലെ മൂപ്പന്മാരോടു കൂടെയിരിക്കുമ്പോൾ അവളുടെ ഭർത്താവ് പട്ടണവാതിൽക്കൽ പ്രസിദ്ധനാകുന്നു (സദൃശ്യം 31: 23 ). സാമർഥ്യമുള്ള വീട്ടമ്മയുടെ സാമൂഹിക സ്ഥിതിയിലേക്കു വെളിച്ചം വീശുന്ന വാക്യമാണത്. ദേശത്തിലെ മുപ്പന്മാരോട് കൂടെയിരിക്കുന്ന അവളുടെ ഭർത്താവ് പട്ടണത്തിന്റെ ന്യായാധിപസംഘത്തിലെ ജഡ്ജിയാണ്. ഭർത്താവ് നീതിയോടെ നാട്ടുകാരുടെ കാര്യങ്ങളിൽ ന്യായം വിധിക്കുമ്പോൾ, ഭർത്താവിനു യാതൊരു നാണക്കേടും വരുത്താതെ ഭാര്യ വീട്ടിനുള്ളിൽ നീതി നിർവഹിക്കുന്നു. എത്ര അനുഗ്രഹിക്കപ്പെട്ട ദമ്പതികൾ! അവൾ ജ്ഞാനത്തോടെ വായ് തുറക്കുന്നു; ദയയുള്ള ഉപദേശം അവളുടെ നാവിന്മേലുണ്ട്. (സദൃശ്യം 31: 26). ഭർത്താവിന്റെ ഉപദേശം കേൾക്കാൻ നാട്ടുകാരെത്തുന്നു. ഭാര്യയുടെ ഉപദേശംകേൾക്കാൻ വീട്ടുകാരുമെത്തുന്നു. അവൾക്കു ജ്ഞാനം മാത്രമല്ല, ദയയുമുണ്ട്. ജഡ്ജിയുടെ ഭാര്യയുടെ ജ്ഞാനവും ദയയും വീട്ടിൽ മാത്രമല്ല പട്ടണവാതിൽക്കലും പ്രസിദ്ധമായിരിക്കുന്നു. അതുകൊണ്ടാണല്ലോ അവളുടെ ഭർത്താവ് പട്ടണവാതുക്കൽ പ്രസിദ്ധനാകുന്നത്. എന്നാൽ, അവളുടെ മഹത്ത്വം പട്ടണവാതിൽക്കൽ അവൾ പ്രശംസിക്കപ്പെടുന്നതിലല്ല; അവളുടെ വീട്ടിൽ അവൾ അംഗീകരിക്കപ്പെടുന്നതാണ്. അവളുടെ മക്കൾ എഴുന്നേറ്റ് അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു. അവളുടെ ഭർത്താവും അവളെ പ്രശംസിക്കുന്നു,

**ദൈവാശ്രയം എന്നാൽ അലസതയല്ല; ദൈവത്തിൽ ആശ്രയിച്ചുള്ള അധ്വാനമാണ്. അധ്വാനിക്കുന്നത് ആകുലതയോടെ ആകരുത് എന്നു മാത്രം! കാരണം, ആകുലത ദൈവാശ്രയമില്ലായ്മയിൽ നിന്നാണുണ്ടാകുന്നത്!**

വീട്ടമ്മമാരേ, നാട്ടുകാർ നിങ്ങളെപ്പറ്റി എന്തു പറയുന്നുവെന്നതല്ല പ്രസക്തമായ കാര്യം; പ്രത്യുത, നിങ്ങളുടെ മക്കളും ഭർത്താവും നിങ്ങളെപ്പറ്റി എന്തു പറയുന്നുവെന്നതാണ്! ഉത്തമയായ ഈ വീട്ടമ്മയെപ്പറ്റി ജഡ്ജിയായ അവളുടെ ഭർത്താവ് പറയുന്നത് എന്താണ്? അനേകം തരുണികൾ സാമർഥ്യം കാണിച്ചിട്ടുണ്ട്. നീയോ അവരെല്ലാവരിലും ശ്രേഷ്ഠയായിരിക്കുന്നു...(സദൃശ്യം 31: 29). എന്തുകൊണ്ട്? ലാവണ്യവും സൗന്ദര്യവുമല്ല നിന്റെ പ്രത്യേകത... യഹോവ ഭക്തിയാണ് നിന്നെ യോഗ്യയായ ഒരു വീട്ടമ്മയാക്കിയിരിക്കുന്നത്. ●

# കാലത്തോടൊപ്പം നമ്മെയും വിവേചിക്കുക

അടയാളത്തിന്റെയും അത്ഭുതത്തിന്റെയും പിന്നാലെയായിരുന്നു യഹൂദ മതനേതാക്കൾ. ആകാശത്തുനിന്ന് ഒരു അടയാളം കാണിച്ചു തരണം എന്ന് യേശുവിനോട് അപേക്ഷിച്ച സന്ദർഭത്തിൽ ക്രിസ്തുവിന്റെ മറുപടി ഇപ്രകാരമായിരുന്നുവല്ലോ; ദുഷ്ടതയും അവിശ്വസ്തതയും ഉള്ള തലമുറ അടയാളം അന്വേഷിക്കുന്നു, യോനായുടെ അടയാളം അല്ലാതെ മറ്റൊരു അടയാളവും അവർക്ക് നൽകപ്പെടുകയില്ല. മറ്റൊരു സന്ദർഭത്തിൽ യെരുശലേം ദൈവാലയത്തിന്റെ നാശത്തെ പറ്റി പ്രതിപാദിക്കവേ ക്രിസ്തു പറഞ്ഞതും ഇതോടു ചേർത്ത് വായിക്കേണ്ടതാണ്. 'ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും, വലിയ യുദ്ധവും ക്ഷാമവും മഹാവ്യാധികളും ഉണ്ടാകും, സമുദ്രത്തിന്റെയും അതിലെ തിരമാലകളുടെയും അലർച്ച മൂലം ഭൂതലത്തിലുള്ള ജനങ്ങൾ വ്യാകുലചിത്തരായി അന്ധാളിക്കും. ഇവയെല്ലാം സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വിമോചനം സമീപിച്ചിരിക്കുന്നത് കൊണ്ട് നിങ്ങൾ തല ഉയർത്തി നിവർന്ന് നിൽക്കുക'.



അതെ, കാലങ്ങളെ വിവേചിച്ച്, സംഭവിക്കാനുള്ള എല്ലാറ്റിൽ നിന്നും ഒഴിഞ്ഞു പോകാനും മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കാൻ പ്രാപ്തി ഉണ്ടാകേണ്ടതിനും പ്രാർത്ഥനാപൂർവ്വം ഉള്ള ജാഗ്രതയാണ് ഓരോ ക്രിസ്തുവിശ്വാസിക്കും ആവശ്യമായിട്ടുള്ളത്. മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്നുള്ള യേശുവിന്റെ ചോദ്യത്തിന് ഉത്തരവും വ്യക്തിഗതമായി നാം കണ്ടെത്തേണ്ടതാണ്. വിശ്വാസത്തിലും സ്നേഹത്തിലും സഹിഷ്ണുതയിലും ആരോഗ്യമുള്ളവർക്കേ, കാലത്തെ വിവേചിക്കുന്നതോടൊപ്പം തങ്ങളെത്തന്നെയും തിരിച്ചറിയുവാൻ സാധിക്കൂ. പ്രായത്തിലും പ്രേക്ഷിതവേലയിലും പക്വത പ്രാപിച്ച പൗലോസ് തിമോഥെയൊസിനെഴുതിയ വാക്കുകൾ: 'നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചുകൊള്ളുക' എന്നാണ്. ഉവ്വ്, കാലത്തെയും ലോകത്തെയും ശ്രദ്ധിക്കുന്നതോടൊപ്പം നാം നമ്മെത്തന്നെയും നിരീക്ഷിച്ചു കൊള്ളണം എന്ന് സാരം. സ്വസ്നേഹം പെരുകുന്ന അന്ത്യകാലത്ത് വിശ്വാസികളായ നമുക്കും സ്വയസ്നേഹത്തിന്റെ തടവറയിൽനിന്നും മോചനം ആവശ്യമാണ്. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനേക്കാൾ സ്വയത്തെ പ്രസാദിപ്പിക്കുന്നതിലല്ലേ വാസ്തവത്തിൽ നമുക്കും ഇഷ്ടം.

ഹാനോക്കിനെപ്പോലെ ദൈവത്തെ പ്രസാദിപ്പിക്കാനുള്ള സമർപ്പണത്തോടെ, ഹൃദയങ്ങൾ ഏകാഗ്രമാക്കിയാൽ അന്ത്യകാല ലക്ഷണങ്ങളും അരുമനാഥന്റെ വരവും, ഒന്നും നമ്മെ ഒരിക്കലും ഭീതിപ്പെടുത്തേണ്ടതില്ല. മറിച്ച്, പ്രത്യാശയുടേയും ഹൃദയസന്തോഷത്തിന്റെയും അനുഭവമായിരിക്കും അത്.

എംസി


*Bank Account Details:*

**Righteous Path Publication Trust**
**A/c No. 031505300011215**
**IFS Code: SIBL 0000315**

SOUTH INDIAN Bank

**KANJIKUZHY - KOTTAYAM**

വാർഷിക വരിസംഖ്യ **200** രൂപ

**നേർവീഥി**

നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.12.2021

NERVEEDHI - DECEMBER 2021
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

ആർ.പി
പബ്ലിക്കേഷൻസിൽനിന്നും

ഉഷസ്സുതോറുമുള്ള വചന ധ്യാനം
അകത്തെ മനുഷ്യനു കരുത്തേകും

പ്രതിദിന വചന ചിന്തകൾ

പാതയ്ക്കു പ്രകാശം




ഇപ്പോൾ ലഭ്യമാണ്







കൂടുതൽ വിവരങ്ങൾക്ക് :
9495435336, 8547916678

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.